**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 –ലെ യോഗ നടപടി വിവരം**



| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **2** | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ. | 5 |
| **2.1** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 5 |
| 3.2 | ആംബുലൻസ് | 5 |
| **2.2** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 10 |
| **3.2** | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 10 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 10 |
| **2.3** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 12 |
| 3.2 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 12 |
| 4.2 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 12 |
| **2.4** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 13 |
| 3.5 | ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം | 13 |
| 4.15 | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 13 |
| 4.16 | കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – മലപ്പുറം ജില്ലാ കമ്മിറ്റി | 14 |
| 4.19 | ആരോഗ്യ വകുപ്പ് | 15 |
| **4.**23 | പുറമേരി ഗ്രാമപഞ്ചായത്ത് | 16 |
| **2.5** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 16 |
| 3.1 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 16 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 17 |
| 4.21 | വാഴയൂർ ഗ്രാമപഞ്ചായത്ത് | 18 |
| 4.38 | കൊണ്ടോട്ടി നഗരസഭ | 18 |
| 3 | പൊതുവിഷയം | 19 |
| 3.1 | എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാരം | 19 |
| 3.2 | ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി – അംഗങ്ങൾക്ക് സിറ്റിംഗ് ഫീ | 19 |
| 3.3 | ജൈവവൈവിധ്യ ബോർഡ് – ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് | 19 |
| 4. | പ്രത്യേക വിഷയം | 20 |
| 4.1 | Behaviour and Occupational Thereppy – ശ്രീമതി. മിഷ ചന്ദ്രൻ | 20 |
| 4.2 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 20 |
| 4.3 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 21 |
| 4.4 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 22 |
| 4.5 | ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് | 22 |
| 4.6 | കതിരൂർ ഗ്രാമപഞ്ചായത്ത് | 23 |
| 4.7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 24 |

| | | |
|---|---|---|
| 4.8 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 24 |
| 4.9 | മലപ്പുറം ജില്ലാപഞ്ചായത്ത് | 25 |
| 4.10 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി | 27 |
| 4.11 | കുന്നംകുളം നഗരസഭ | 28 |
| 4.12 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 28 |
| 4.13 | താഴെക്കോട് ഗ്രാമപഞ്ചായത്ത് | 29 |
| 4.14 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 29 |
| 4.15 | കണ്ണൂർ കോർപ്പറേഷൻ | 30 |
| 4.16 | കോഴിക്കോട് ജില്ലാപഞ്ചായത്ത് | 31 |
| 4.17 | കായംകുളം നഗരസഭ | 32 |
| 4.18 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 32 |
| 4.19 | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 33 |
| 4.20 | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 33 |
| 4.21 | വയനാട് ജില്ലാ പഞ്ചായത്ത് | 34 |
| 4.22 | അതിദരിദ്ര നിർമ്മാർജ്ജന പദ്ധതി – കെയർഫണ്ട് | 34 |
| 4.23 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 35 |
| 4.24 | കോട്ടയം ജില്ലാ ആസൂത്രണസമിതി | 35 |
| 4.25 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 36 |
| 4.26 | തളിക്കുളം ഗ്രാമപഞ്ചായത്ത് | 36 |
| 4.27 | മലപ്പുറം ജില്ലാ ആസൂത്രണസമിതി | 37 |
| 4.28 | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 37 |
| 4.29 | നന്ദിയോട് ഗ്രാമപഞ്ചായത്ത് | 38 |
| 4.30 | അരുവാപ്പുലം ഗ്രാമപഞ്ചായത്ത് | 39 |
| 4.31 | കൂത്തുപ്പറമ്പ് നഗരസഭ | 40 |
| 4.32 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | 40 |
| 4.33 | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് | 41 |
| 4.34 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 41 |
| 4.35 | ദേവികുളം ഗ്രാമപഞ്ചായത്ത് | 42 |
| 4.36 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 42 |
| 4.37 | പട്ടുവം ഗ്രാമപഞ്ചായത്ത് | 43 |
| 4.38 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | 43 |
| 4.39 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 44 |
| 4.40 | എറണാകുളം ജില്ലാ പഞ്ചായത്ത് | 44 |
| 4.41 | Embrit – Infotech | 45 |
| 4.42 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 45 |
| 4.43 | ഷോളയാർ ഗ്രാമപഞ്ചായത്ത് | 46 |
| 4.44 | അഗളി ഗ്രാമപഞ്ചായത്ത് | 47 |
| 4.45 | ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | 47 |
| 4.46 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 48 |
| 4.47 | മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്) | 48 |
| 4.48 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 49 |
| 4.49 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 49 |
| 4.50 | ദേവികുളം ഗ്രാമപഞ്ചായത്ത് | 49 |
| 4.51 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 50 |
| 4.52 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 50 |
| 4.53 | പറവൂർ ബ്ലോക്ക് പഞ്ചായത്ത് | 51 |
| 4.54 | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 51 |

| | | |
|---|---|---|
| 4.55 | പൂതാടി ഗ്രാമപഞ്ചായത്ത് | 52 |
| 4.56 | അരിക്കുളം ഗ്രാമപഞ്ചായത്ത് | 52 |
| 4.57 | ദേവികുളം ഗ്രാമപഞ്ചായത്ത് | 53 |
| 4.58 | Vegitable and Fruit Promotion Council – Keralam | 56 |
| 4.59 | ദി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് ( കേരള മാർക്കറ്റ് ഫെഡ് ) | 57 |
| 4.60 | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | 57 |

No./90/2025/SRG/LSGD/CC(1)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ന് നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 10.00 മണിക്ക് സംസ്ഥാന ആസൂത്രണ ബോർഡിലെ 'സമൃദ്ധി' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമ നമ്പർ ഒന്നായി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ രണ്ടായി ഉൾപ്പെടുത്താറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ, ക്രമനമ്പർ മൂന്നായി ഉൾപ്പെടുത്താറുള്ള പൊതുവിഷയങ്ങൾ, ക്രമനമ്പർ നാലായി ഉൾപ്പെടുത്താറുള്ള പ്രത്യേക വിഷയങ്ങൾ എന്നിവ മാത്രമാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 3.2**

**ആംബുലൻസ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ<br>മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന് നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| **ക്രമ നം** | **ജില്ല** | **തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം)** | | | | | **PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** | **CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** | **താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന് കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

<u>04.01.2024 ലെ തീരുമാനം:-</u> ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

<u>13.08.2024-ൽ നൽകിയ റിപ്പോർട്ട്:</u> ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

<u>16.10.2024-ൽ നൽകിയ റിപ്പോർട്ട്:-</u> കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ.

<u>16.10.2024-ലെ തീരുമാനം:-</u> ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 ന് നൽകിയ റിപ്പോർട്ട് :-</u> ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ വകുപ്പും മോട്ടോർ വെഹിക്കിൾ വകുപ്പും റിപ്പോർട്ട് നൽകിയെങ്കിലും ഇവയിൽ സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രണമുള്ളത് (പബ്ലിക്) എത്രയാണ്, സ്വകാര്യ ഉടമസ്ഥതയിൽ എത്രയാണ് എന്ന് തരംതിരിക്കാൻ കഴിയില്ല. വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരങ്ങൾ ആണ് ലഭിച്ചത്. ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു BLS ആംബുലൻസും ഓരോ 5.00 ലക്ഷം ജനസംഖ്യയ്ക്കും ഒരു ALS ആംബുലൻസും വേണം.

## Number of Ambulance Registered under RTO

### Table I

| District | No of LSGIs (GP, Municipality, Corporation) | No. of Ambulances Registered under RTO | Avg. No of Ambulances Per LSGIs (considering that the registered vehicles are available in the district) | 2023 Projected population of the district (During 2023) | Population lakhs | No of ambulances per lakh population ( column 3/6) |
|---|---|---|---|---|---|---|

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| TVM | 78 | 1771 | 23 | 34,29,192 | 34 | 52 |
| KLM | 73 | 688 | 9 | 27,37,364 | 27 | 25 |
| PTA | 57 | 407 | 7 | 12,43,752 | 12 | 33 |
| ALP | 78 | 477 | 6 | 22,10,134 | 22 | 22 |
| KTM | 77 | 595 | 8 | 20,50,966 | 21 | 29 |
| IDK | 54 | 327 | 6 | 11,57,891 | 12 | 28 |
| EKM | 96 | 1189 | 12 | 34,09,416 | 34 | 35 |
| TSR | 94 | 824 | 9 | 32,41,990 | 32 | 25 |
| PKD | 95 | 550 | 6 | 29,18,678 | 29 | 19 |
| MPM | 106 | 738 | 7 | 42,72,090 | 43 | 17 |
| KKD | 78 | 835 | 11 | 32,05,733 | 32 | 26 |
| WND | 26 | 220 | 8 | 8,49,054 | 8 | 26 |
| KNR | 81 | 507 | 6 | 26,20,643 | 26 | 19 |
| KSD | 41 | 207 | 5 | 13,57,970 | 14 | 15 |
| **TOTAL** | **1034** | **9335** | **9** | **3,46,98,873** | **346** | **27** |

Table II

Total Ambulance Owned by DHS, DME, 108 and LSGIs

| Total Ambulances | | | | | LSGIs | Total |
|---|---|---|---|---|---|---|
| Dist | Population lakhs | DHS | DME | 108 | | |
| TVM | 34 | 58 | 7 | 28 | 41 | 134 |
| KLM | 27 | 42 | 2 | 21 | 19 | 84 |
| PTA | 12 | 47 | 1 | 15 | 7 | 70 |
| ALP | 22 | 28 | 4 | 18 | 10 | 60 |
| KTM | 21 | 20 | 8 | 17 | 41 | 86 |
| IDK | 12 | 31 | 3 | 15 | 16 | 65 |
| EKM | 34 | 47 | 4 | 32 | 56 | 139 |
| TSR | 32 | 21 | 6 | 32 | 34 | 93 |
| PKD | 29 | 30 | 0 | 28 | 25 | 83 |
| MPM | 43 | 19 | 3 | 32 | 7 | 61 |
| KKD | 32 | 18 | 2 | 31 | 19 | 70 |
| WND | 8 | 25 | 0 | 11 | 8 | 44 |
| KNR | 26 | 28 | 4 | 21 | 10 | 63 |
| KSD | 14 | 14 | 0 | 14 | 11 | 39 |
| **TOTAL** | **347** | **428** | **44** | **315** | **304** | **1091** |

## Table III

Number of Ambulance owned by DHS, DME,108 (Type wise)

| | ALS | | | | | BLS | | | | | | PTV | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Dist | DHS | DME | 108 | Total | No of ALS ambulance needed as per norms- (One ALS for 5 lakh) | Population lakhs | DHS | DME | 108 | Total | No of BLS ambulance needed as per norms- (One BLS for 1 lakh) | DHS | DME | 108 | Total |
| TVM | 4 | | 0 | 4 | 6.8 | 34 | 14 | | 28 | 42 | 34 | 44 | | 0 | 44 |
| KLM | 4 | | 0 | 4 | 5.4 | 27 | 35 | | 21 | 56 | 27 | 3 | | 0 | 3 |
| PTA | 2 | | 0 | 2 | 2.4 | 12 | 43 | | 15 | 58 | 12 | 2 | | 0 | 2 |
| ALP | 3 | | 0 | 3 | 4.4 | 22 | 7 | | 18 | 25 | 22 | 18 | | 0 | 18 |
| KTM | 0 | | 0 | 0 | 4.2 | 21 | 2 | | 17 | 19 | 21 | 18 | | 0 | 18 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| IDK | 3 | | 0 | 3 | 2.4 | 12 | 7 | | 15 | 22 | 12 | 21 | | 0 | 21 |
| EKM | 3 | | 0 | 3 | 6.8 | 34 | 11 | | 32 | 43 | 34 | 33 | | 0 | 33 |
| TSR | 1 | | 0 | 1 | 6.4 | 32 | 3 | | 32 | 35 | 32 | 17 | | 0 | 17 |
| PKD | 2 | | 0 | 2 | 5.8 | 29 | 28 | | 28 | 56 | 29 | 0 | | 0 | 0 |
| MPM | 1 | | 0 | 1 | 8.6 | 43 | 6 | | 32 | 38 | 43 | 12 | | 0 | 12 |
| KKD | 1 | | 0 | 1 | 6.4 | 32 | 2 | | 31 | 33 | 32 | 15 | | 0 | 15 |
| WND | 4 | | 0 | 4 | 1.6 | 8 | 11 | | 11 | 22 | 8 | 10 | | 0 | 10 |
| KNR | 2 | | 0 | 2 | 5.2 | 26 | 2 | | 21 | 23 | 26 | 24 | | 0 | 24 |
| KSD | 0 | | 0 | 0 | 2.8 | 14 | 4 | | 14 | 18 | 14 | 10 | | 0 | 10 |
| **TOTAL** | **30** | | **0** | **30** | **69.4** | **347** | **175** | | **315** | **490** | **347** | **227** | | **0** | **227** |

Table IV

| HEALTH SERVICES VEHICLE PURCHASED WITH VARIOUS GOVERNMENT FUNDS | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No | District | Govt.Fund | MP Fund | MLA Fund | LSGIs Fund | Donation/CSR | Other Fund | Total |
| 1 | Trivandrum | 50 | 35 | 26 | 65 | 3 | 0 | 179 |
| 2 | Kollam | 16 | 28 | 16 | 2 | 2 | 0 | 64 |
| 3 | Pathanamthitta | 13 | 29 | 12 | 12 | 2 | 0 | 68 |
| 4 | Alappuzha | 17 | 16 | 8 | 2 | 2 | 0 | 45 |
| 5 | Kottayam | 15 | 15 | 6 | 2 | 5 | 0 | 43 |
| 6 | Idukki | 12 | 13 | 17 | 3 | 3 | 0 | 48 |
| 7 | Eranakulam | 21 | 25 | 21 | 24 | 40 | 0 | 131 |
| 8 | Thrissur | 25 | 8 | 6 | 3 | 11 | 0 | 53 |
| 9 | Palakkad | 23 | 13 | 11 | 0 | 11 | 0 | 58 |
| 10 | Malappuram | 28 | 12 | 1 | 0 | 2 | 0 | 43 |
| 11 | Kozhikode | 17 | 22 | 27 | 1 | 6 | 1 | 74 |
| 12 | Wayanad | 19 | 15 | 12 | 6 | 13 | 0 | 65 |
| 13 | Kannur | 28 | 10 | 9 | 2 | 12 | 0 | 61 |
| 14 | Kasaragod | 21 | 3 | 4 | 3 | 1 | 0 | 32 |
| | **Total** | **305** | **244** | **176** | **125** | **113** | **1** | **964** |

30.01.2025 ലെതീരുമാനം:-

ദേശീയ മാനദണ്ഡമനുസരിച്ച് ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു BLS ആംബുലൻസും അഞ്ചു ലക്ഷം ജനസംഖ്യയ്ക്ക് ഒരു ALS ആംബുലൻസും ആണ് വേണ്ടത്. രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമനുസരിച്ച് സ്വകാര്യ മേഖലയും കൂടി ചേർത്ത് എല്ലാ ജില്ലകളിലും BLS ആംബുലൻസ് ആവശ്യത്തിലധികമുണ്ട് എന്ന് യോഗം വിലയിരുത്തി.

1) DHS, DME, 108, LSGIs എന്നീ ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 347 BLS ആംബുലൻസാണ് വേണ്ടത്. DHS, DME, 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 BLS ആംബുലൻസുകളുമുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 69 ALS ആംബുലൻസ് വേണം. എന്നാൽ ലഭ്യമായ കണക്കനുസരിച്ച് DHS ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. അടിയന്തിര ജീവൻ രക്ഷയ്ക്ക് ALS അംബുലൻസ് വളരെ സഹായകരം ആയതിനാൽ ALS ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം വാങ്ങുന്നതാണ് അഭികാമ്യം.

2) DHS, DME, 108, LSGIയുടെ ഉടമസ്ഥതയിലുള്ള ആകെ അംബുലൻസുകൾ 1091 ആണ്. ആകെ രജിസ്റ്റർ ചെയ്തതിൽ ബാക്കിയുള്ള 8244 (9335 – 1091) എണ്ണം സ്വകാര്യ മേഖലയിലാണെന്നത് യോഗം വിലയിരുത്തി. എന്നാൽ ഇവയിൽ നല്ലൊരു ശതമാനം കാലപ്പഴക്കത്താൽ ഇപ്പോൾ സർവ്വീസിലുള്ളതാകാൻ വഴിയില്ല. അതിനാൽ കഴിഞ്ഞ 15 വർഷത്തിനകം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമെടുത്താലേ ശരിയായ വിവരം ലഭിക്കൂ. ഈ സാഹചര്യത്തിൽ കഴിഞ്ഞ 15 വർഷം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരം ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്നും ശേഖരിക്കാൻ

തീരുമാനിച്ചു. ഇതിനായി തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇവ കൂടി ശേഖരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം.

3) മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണമനുസരിച്ചാണ്. എങ്കിലും BLS ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തി. MPLAD, MLASDF, CSR എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആംബുലൻസ് വാങ്ങേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പാലിയേറ്റീവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തിരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള SC/ST വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

മുകളിൽ ക്രമനമ്പർ 2 പ്രകാരമുള്ള നടപടി റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)ആരോഗ്യവകുപ്പ്, ഡയറക്ടർ<br>3)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**<u>2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.2 ഖണ്ഡിക 3.2**

**<u>അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം</u>**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ (13.08.2024–ലെ) യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തിയ പ്രകാരം ഭാഗികമായി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്:-</u>** കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024–ലെ യോഗ തീരുമാനപ്രകാരം അതിദരിദ്ര ലിസ്റ്റിലുള്ള കടബാധ്യതയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് വിശദമായ ചോദ്യാവലിയുടെ സഹായത്തോടെ സർവേ നടത്താനും വിവരങ്ങൾ ശേഖരിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം, കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ സർവ്വേ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ്, ഡി.പി. ഡിവിഷൻ, SPB<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.2 ഖണ്ഡിക 3.5**

**<u>ജലസ്രോതസ്സുകളുടെ പരിപാലനം</u>**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>30.01.2025 ന നൽകിയ റിപ്പോർട്ട്:-</u> കുടിവെള്ളത്തിലൂടെയും മലിനജലത്തിലൂടെയും ഭക്ഷ്യ ശൃംഖലയിലൂടെയും ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളും മറ്റു വിഷാംശങ്ങളും മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ദൂഷ്യഫലങ്ങൾക്ക് കാരണമാകുന്നു. ജല

മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള താഴെപ്പറയുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും അവയുടെ ഭേദഗതികളും പരിഗണിക്കേണ്ടതുണ്ട്.

1.Water (Prevention and Control of Pollution) Act, 1974

2. Water (Prevention and Control of Pollution) Cess Act, 1977

3. Environment (Protection) Act, 1986

4. Food Safety and Standards Act, 2006

5. Kerala Public Health Act,2023

6. Kerala Panchayat Raj Act, 1994

7. Kerala Municipality Act, 1994

കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഖണ്ഡികകൾ ബാധകമാക്കാവുന്നതാണ്.

| | |
|---|---|
| Kerala Public Health Act 2023 | a) Sections 15, 16 & 17 മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ<br>b) Sections 18(5), 18(6), 18(7), 19, 20 – ശുചിത്വ സൗകര്യങ്ങൾ<br>c) Section 21 to 26 വരെ. 'Nuisance' (ശല്യം ഒഴിവാക്കൽ)<br>d) Section 39 & 49 – പ്രതിരോധ നടപടികൾ ഏറ്റെടുക്കുന്നതിനും പരിശോധന നടത്തുന്നതിനും പ്രവേശനത്തിനുമുള്ള അധികാരം<br>e) Section 58 സാമൂഹിക ഒത്തു കൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും<br>f) Section 59 – ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം. |

ഈ നിയമങ്ങളും അവയുടെ ഭേദഗതികളും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകളും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വകുപ്പുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പ്
2. പരിസ്ഥിതി വകുപ്പ്
3. മലിനീകരണ നിയന്ത്രണബോർഡ്
4. കേരള ജല അതോറിറ്റി
5. ഭൂജല വകുപ്പ്
6. ജലനിധി
7. ജലസേചന വകുപ്പ്
8. ഭക്ഷ്യസുരക്ഷാ വകുപ്പ്
9. വ്യവസായ വകുപ്പ്
10. കൃഷി വകുപ്പ്
11. ജല വിഭവ വകസന വിനിയോഗ കേന്ദ്രം ( CWRDM)
12. കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയണൽ ഡയറക്ടറേറ്റ്
13. ആരോഗ്യ വകുപ്പ്
14. നിയമവകുപ്പ്

ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി മേൽ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഒരു സംയുക്ത ശില്പശാല സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം :-</u> ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതുപോലെ മുകളിൽ പറഞ്ഞ വകുപ്പുകളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.3 ഖണ്ഡിക 3.2**

### സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.3 ഖണ്ഡിക 4.2**

### പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത്)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ഛയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ഛയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

16.10.2024-ലെ തീരുമാനം:-ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>05.12.2024-നു നൽകിയ റിപ്പോർട്ട്:-</u> മൂന്ന് നിലകളിലായി 12 യൂണിറ്റുകൾ അടങ്ങിയ 3 കെട്ടിടവും 2 നിലകളിലായി 8 യൂണിറ്റ് അടങ്ങിയ ഒരു കെട്ടിടവും ഉൾപ്പെടെ ആകെ 44 കുടുംബങ്ങൾക്കാണ് ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണത്തിന് ആകെ 6.86 കോടി രൂപ ചെലവ് വരും. ഇതുപ്രകാരം ക്ലസ്റ്റർ ഹോം നിർമ്മിക്കുമ്പോൾ ഒരു യൂണിറ്റിന് വേണ്ടിവരുന്ന ചെലവ് 15.58 ലക്ഷം രൂപയാണ്. ഈ പദ്ധതിയ്ക്ക്

അനുബന്ധമായി വേണ്ടിവരുന്ന നിർമ്മാണ പ്രവൃത്തികളായ റോഡ്, മറ്റ് External Service Works, STP Land Development ജോലികൾ എന്നിവയ്ക്ക് വേണ്ടത് 88 ലക്ഷം രൂപയാണ്. ഇതു കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ ഒരു യൂണിറ്റിന് 17.58 ലക്ഷം രൂപ ചെലവ് വരും. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം 47.62 ചതുരശ്ര മീറ്റർ ആണ് (512.10 സ്ക്വയർ ഫീറ്റ്). പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 64 സെന്റ് സ്ഥലം ലഭ്യമാണ്.

പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രീ-ഫാബ് മാതൃകയിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 616 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ തുകയും അടിസ്ഥാന സൗകര്യത്തിനാവശ്യമായ 88.00 ലക്ഷം രൂപയും 2024-25 വർഷം 4515 - 00-102 - 41 എന്ന റൂറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കാൻ കഴിയുമെന്ന് 11.11.2024-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ഭവനസമുച്ചയ നിർമ്മാണത്തിനായി സി.എസ്.ആർ/സംഭാവന ലഭിക്കുവാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

05.12.2024-ലെ തീരുമാനം:- ഒരു വീടിന്റെ നിർമ്മാണ ചെലവ് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ചെലവ് എന്നതിനാൽ ലഭ്യമായ 64 സെന്റ് സ്ഥലം ഓരോ കുടുംബത്തിനും 3 സെന്റ് വീതം നൽകി വീടിന് ധനസഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. ശേഷിക്കുന്നവർക്ക് സ്ഥലം വാങ്ങി നൽകി വീട് വയ്ക്കുന്നതിന്റെ സാധ്യതയും പരിഗണിക്കാവുന്നതാണ്. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) ചീഫ് എഞ്ചിനീയർ. തദ്ദേശസ്വയംഭരണ വകുപ്പ്<br>3)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12 .2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.4 **ഖണ്ഡിക 3.5**

**ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കളും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അതിദരിദ്ര കുടുംബങ്ങളിലെ ലിസ്റ്റിലുള്ള ചില ഗുണഭോക്താക്കളും ഏകാംഗ കുടുംബമായിട്ടുള്ളവരാണ്. ഇവർക്ക് ഭവന നിർമ്മാണത്തിനു ധനസഹായം നൽകുമ്പോൾ പിന്തുടർച്ചാവകാശികൾ ഇല്ലാത്ത സാഹചര്യം വരുന്നുണ്ട്. ഇത്തരം ഏകാംഗ കുടുംബങ്ങളുടെ കാലശേഷം സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥതയ്ക്ക് പിന്തുടർച്ചാവകാശികൾ ഇല്ലായെങ്കിൽ ഇത് തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്തുകൊണ്ട് വീടിന് അർഹതയുള്ള മറ്റുള്ളവർക്ക് നൽകുന്നത് സമൂഹത്തിന് ഗുണം ചെയ്യും. ഇതടക്കമുള്ള സാധ്യതയും നിയമവശങ്ങളും പരിശോധിച്ച് ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്<br>2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>3) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |

**2.4 ഖണ്ഡിക 4.15**

**ഉള്ളിയേരി ഗ്രാമപഞ്ചായത്ത്**

_ബഹു.വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ 24.09.2024-ലെ കത്തും ശ്രീ.ഭാസ്കരൻ കിടാവ്, പാലോട്ട് ഹൗസ്. മുടക്കല്ലൂർ. പി.ഒ, അത്തോളിയുടെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും കത്തും (SRG/932/24)

വിഷയം:- കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDF - പദ്ധതിയിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതു സംബന്ധിച്ച്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDFൽ നിന്ന് 5.00 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചിരുന്നു. ശ്രീ. ഭാസ്കരൻ കിടാവ് എന്ന വ്യക്തി കൺവീനറായി പ്രവൃത്തി ആരംഭിക്കുകയും വയൽ പ്രദേശത്ത് മണ്ണിടുകയും തെങ്ങ്

തടികൊണ്ടുള്ള പൈലിംഗ് നടത്തുകയും ചെയ്തു. ഫണ്ടിന്റെ കുറവു മൂലം വയൽ പ്രദേശത്തെ പൈലിംഗ് പ്രവൃത്തി നിർത്തി വച്ചു. കോക്കനട്ട് പൈലിംഗ് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ ബിൽ തയ്യാറാക്കിയില്ല. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. കുന്നത്തറ സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് 55.00 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. MLASDF പ്രകാരം ചെയ്ത പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയൽ ഇപ്പോൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയാൽ വയൽ പ്രദേശത്ത് മണ്ണടിച്ചതടക്കമുള്ള പ്രവൃത്തികളുടെ അളവെടുക്കാൻ കഴിയില്ല. അതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് അർഹമായ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്. സർക്കാർ അനുമതി നൽകിയാൽ വാല്യുവേഷൻ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

05.12.2024-ലെ തീരുമാനം:-MLASDF ൽ ചെയ്ത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായും ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.4 ഖണ്ഡിക 4.16**

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി**

ബഹു. വേങ്ങര എം.എൽ.എ.യുടെ 19.07.2024 ലെ 114/MLA/Vengara/2024 -ാം നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/626/2024)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

ആരോഗ്യവകുപ്പ് നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHC&PHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടറെ നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടത് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ആയിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കുമ്പോൾ ഡോക്ടറെ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നും പ്രാദേശികമായി ഡോക്ടറെ ലഭ്യമാകാതിരിക്കുകയും ചെയ്യുമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും ഉൾക്കൊള്ളുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

05.12.2024-ലെ തീരുമാനം:-മലപ്പുറം, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഡോക്ടർമാരെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു എന്നതും സുതാര്യമായ രീതിയിൽ ജില്ലാ തലത്തിൽ ഡോക്ടർമാരുടെ ഒരു പൂൾ തയ്യാറാക്കാനുമാണ് ഇപ്രകാരമൊരു രീതി കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം എടുത്തത് എന്ന് യോഗം വിലയിരുത്തി. എങ്കിലും മുകളിൽ പറഞ്ഞ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.19**

**<u>ആരോഗ്യവകുപ്പ്</u>**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.07.2024-ലെ PLB4 -4283/2024/ആ.വ.ഡ. നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റും (SRG/ 715/24) - LSGD/DA1/296/2024- LSGD)

വിഷയം:- PHC അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി.യുടെ പ്രവർത്തനത്തിന് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഡയറക്ടർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023 ലെ യോഗ തീരുമാന പ്രകാരം ഇതിന്മേൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് FHC/PHC കളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ്, CHC കളിൽ 2 ഡോക്ടർ, 2 പാരാമെഡിക്കൽ സ്റ്റാഫ്, താലൂക്കാശുപത്രികളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ് എന്ന നിലയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നത്. അധികമായി സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും സംസ്ഥാനത്ത് ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം പരിഗണിച്ച് തീരുമാനമെടുക്കുമെന്നറിയിച്ചിരുന്നു.

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 5 ജില്ലകളിലായി 278 ആരോഗ്യ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നിയമിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സ്ഥാപനങ്ങളുടെ ലിസ്റ്റും ആവശ്യമുള്ള സ്റ്റാഫിന്റെ എണ്ണവും പ്രത്യേകമായി നൽകിയിട്ടുണ്ട്.

<u>05.12.2024-ലെ തീരുമാനം:-</u>ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് താഴെപ്പറയും പ്രകാരമാണ് റിപ്പോർട്ട് നൽകിയത്.

**<u>റിപ്പോർട്ട്:-</u>** തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 5 ജില്ലകളിൽ അധിക സ്റ്റാഫിനെ നിയമിക്കാനാണ് അനുമതി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ മുകളിൽ പറഞ്ഞ അഞ്ച് ജില്ലകളോടൊപ്പം പത്തനംതിട്ട, വയനാട് ജില്ലകളടക്കം 7 ജില്ലകളിൽ സർക്കാർ അനുവദിച്ചതിനെക്കാൾ അധികമായി 145 സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നൽകിയതും ഇനി നൽകാനുള്ളതുമായ വേതനത്തിന് സാധൂകരണം/അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

തീരുമാനം :- 1) ഈ ആവശ്യത്തിന്മേൽ താഴെപ്പറയുന്ന നിരീക്ഷണത്തോടെ യോഗം തീരുമാനമെടുത്തു. ഏതെങ്കിലും പ്രത്യേക ആരോഗ്യ സ്ഥാപനങ്ങളിൽ OP/IP രോഗികളുടെ എണ്ണം കൂടുതലുണ്ടെങ്കിൽ (പട്ടികജാതി/പട്ടിക വർഗ്ഗ നഗറുകളിലും മത്സ്യ മേഖലയിലും മറ്റും) അവിടെയുള്ള OP/IP രോഗികളുടെ എണ്ണം സഹിതം നൽകുമ്പോൾ പ്രത്യേകമായി പരിഗണിക്കാമെന്നായിരുന്നു 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ കാതൽ. എന്നാൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഈ രീതിയിലുള്ള ശുപാർശയല്ല നൽകിയിരിക്കുന്നത്. അഞ്ച് ജില്ലകളിലായി 758 ഡോക്ടർ/പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ആവശ്യം പരിഗണിച്ചില്ല.

നിലവിലെ ഉത്തരവനുസരിച്ച് താലൂക്കാശുപത്രി, CHC, FHC, PHC എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടർമാരെ നിയമിക്കുന്നതിനു മാത്രം ഒരു വർഷം 92.84 കോടി രൂപയും പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാൻ (നേഴ്സുമാർക്ക് നൽകുന്ന വേതനം കണക്കാക്കിയാൽ) 50.02 കോടി രൂപയും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ചെലവഴിക്കണം. ആർദ്രം പദ്ധതിയുടെ ഭാഗമായാണ് ഇപ്രകാരം അധിക സ്റ്റാഫിനെ

നിയമിക്കാൻ പ്രത്യേക തീരുമാനമെടുത്തത്. ഇതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് അധിക സ്റ്റാഫിനെ നിയമിക്കുന്നത് 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന് വിധേയമായിരിക്കും.

2) അധികമായി 145 സ്റ്റാഫിനെ നിയമിച്ചതിന് സാധൂകരണം സംബന്ധിച്ച് അതതു തദ്ദേശഭരണ സ്ഥാപനങ്ങ ആവശ്യപ്പെടുമ്പോൾ പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.23**

**പുറമേരി ഗ്രാമപഞ്ചായത്ത്**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 – CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 – 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

05.12.2024- ലെ തീരുമാനം :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5 ഖണ്ഡിക 3.1**

**സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022-41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ

സ്ഥാപനത്തിന് വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്റ്റ് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണ മെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021-2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**2.5 ഖണ്ഡിക 4.10**

**<u>മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ) ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 'ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി' എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം:-</u> ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവന യിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ

ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.21**

**<u>വാഴയൂർ ഗ്രാമപഞ്ചായത്ത്</u>**

ബഹു.കൊണ്ടോട്ടി എം.എൽ.എ.യുടെ 04.07.2024-ലെ 19/LSGD/2024-ാം നമ്പർ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2024-ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024-ലെ 6-ാം നമ്പർ തീരുമാനവും. (SRG/ 671/24, SRG/761/24)

വിഷയം:- വീട് നിർമ്മാണത്തിന് ലഭിച്ച തുകയും പലിശയും ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്.

വാഴയൂർ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. സരോജിനി താഴത്തുപുരയ്ക്കൽ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഈ കുടുംബത്തിന് വീട് നിർമ്മാണത്തിനായി 2015-16-ൽ 2.30 ലക്ഷം രൂപ നൽകിയിരുന്നു. ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി ഈ വ്യക്തിയുടെ സ്ഥലവും വീടും ഏറ്റെടുത്തു. വീട് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 2.30 ലക്ഷം രൂപയും പലിശയിനത്തിൽ 1,69,700 രൂപയും ഹൈവേ അതോറിറ്റി തന്നെ ഗ്രാമപഞ്ചായത്തിന് നൽകി. ആകെ 3,99,700 രൂപ. നഷ്ടപരിഹാര തുകയുടെ ബാക്കി 32,16,905 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കും നൽകി.

വളരെ പാവപ്പെട്ട കുടുംബം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ഹൈവേ അതോറിറ്റി നൽകിയ തുക ഈ കുടുംബത്തിന് തിരികെ നൽകുകയോ അല്ലെങ്കിൽ പലിശയിനത്തിൽ നൽകിയ തുകയെങ്കിലുമോ തിരികെ നൽകണമെന്നതു സംബന്ധിച്ച്.

<u>30.01.2025 ലെ തീരുമാനം</u>:- ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.
**<u>റിപ്പോർട്ട്</u>**:- സർക്കാരിന്റെ 10.01.2025- ലെ 103/2025/തസ്വഭവ ഉത്തരവ് പ്രകാരം നഷ്ട പരിഹാര തുക പൂർണ്ണമായും ഗുണഭോക്താവിന് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 09.03.2025-ൽ 3,99,700 രൂപ ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ നൽകിയിട്ടുണ്ട്.

തീരുമാനം:- തുക ഗുണഭോക്താവിനു കൈമാറിയ സാഹചര്യത്തിൽ വിഷയം പ്രത്യേകമായി പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.38**

**<u>കൊണ്ടോട്ടി നഗരസഭ</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024-ലെ കത്തും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറിയുടെ 14.11.2024-ലെ G4(E2) - 5934/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 879/24 - CC/411/24)

വിഷയം:- വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈത്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ഈ ഗുണഭോക്താവ് വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കി. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 25.03.2022-ൽ ഉത്തരവായിട്ടുണ്ട്. രണ്ടു സൈഡുകളിലായുള്ള സംരക്ഷണഭിത്തി പൊളിച്ച് 40 മീറ്റർ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ആകെ 12.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഈ വ്യക്തിക്ക് 15.5 സെന്റ് സ്ഥലമുണ്ട്. നഗരസഭയുടെ എസ്.സി.പി ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

<u>30.01.2025 ലെ തീരുമാനം :-</u> ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 3. പൊതുവിഷയം

### 3.1 എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാരം

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.6.6) എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാര വിതരണത്തിന് പ്രതിമാസം പരമാവധി 1000 രൂപ ഉപയോഗിക്കാം. ഇത് 1,750 രൂപയായി വർദ്ധിപ്പിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.2 Biodiversity Management Committee അംഗങ്ങൾക്ക് സിറ്റിംഗ് ഫീ

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുണ്ട്. ചെയർപേഴ്സണും സെക്രട്ടറിയും (തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും സെക്രട്ടറിയും) കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന ജൈവവൈവിധ്യ മേഖലയുമായി ബന്ധമുള്ള 6 അംഗങ്ങളുമാണ് ഓരോ BMCയിലുമുള്ളത്. ചെയർപേഴ്സണും സെക്രട്ടറിയും ഒഴികെ ബാക്കിയുള്ളവർക്ക് ഓരോ യോഗത്തിലും സിറ്റിംഗ് ഫീ/റ്റിഎ ഇനത്തിൽ ആകെ 250 രൂപ വീതം BMC അംഗത്തിന് തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

### 3.3 ജൈവവൈവിധ്യ ബോർഡ് - ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി BMC അംഗങ്ങൾക്ക് സാങ്കേതിക സഹായം നൽകൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കൽ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതി തയ്യാറാക്കൽ, പ്രാദേശിക ജൈവവൈവിധ്യ പദ്ധതി (LBSAP) തയ്യാറാക്കൽ, ജൈവവൈവിധ്യ രജിസ്റ്റർ അപ്ഡേഷൻ തുടങ്ങിയ പ്രവർത്തന ങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ എല്ലാ ജില്ലകളിലും 10 വീതം വിദഗ്ദ്ധരെ ഉൾപ്പെടുത്തി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്

രൂപീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ TSG നടത്തുമ്പോൾ TSG അംഗങ്ങൾക്ക് ഓണറേറിയം/സിറ്റിംഗ് ഫീ ഇനത്തിൽ 1000 രൂപ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. TSG അംഗങ്ങൾ ഫീൽഡ് സന്ദർശനം നടത്തുമ്പോൾ ഇതിന് പുറമെ യഥാർത്ഥ യാത്രാ ചെലവ് നൽകുകയോ വാഹന സൗകര്യം നൽകുകയോ ചെയ്യണം. എന്നാൽ ജൈവവൈവിധ്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതികളിൽ തദ്ദേശഭരണ സ്ഥാപനം തന്നെ എതിർകക്ഷിയോ പരാതിക്കാരനോ ആയി വരുന്ന അവസരങ്ങളിൽ മുകളിൽ പറഞ്ഞ രീതിയിൽ ഓണറേറിയം തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു നൽകാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

## 4. പ്രത്യേക വിഷയം

### 4.1 ബിഹേവിയർ ആന്റ് ഒക്കുപേഷണൽ തെറാപ്പി – ശ്രീമതി മിഷ ചന്ദ്രൻ

ശ്രീമതി. മിഷ ചന്ദ്രൻ, പെരിമ്പംകുളം, മറ്റത്തൂരിന്റെ 06.12.2023–ലെ കത്ത്. (SRG/130/25 – IA2/197/2024/LSGD)

വിഷയം:– സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്ക് തെറാപ്പി ചികിത്സ നൽകുന്നത് സംബന്ധിച്ച്

ശ്രീമതി.മിഷ. ചന്ദ്രന്റെ 11 വയസ്സുള്ള സെറിബ്രൽ പാൾസി ബാധിതനായ മകൻ യദുകൃഷ്ണ ധീരജ് 6–ാം ക്ലാസ് വിദ്യാർത്ഥിയാണ്. ഈ കുട്ടിക്ക് തുടർച്ചയായി തെറാപ്പി ചികിത്സ ആവശ്യമുണ്ട്. BRC മുഖേന തെറാപ്പി ചികിത്സ മുടക്കം കൂടാതെ നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :–

1) ഡോക്ടർ/ തെറാപ്പിസ്റ്റ് ശുപാർശ ചെയ്യുന്ന തരത്തിലുള്ള തെറാപ്പി ചികിത്സ ഏറ്റവും അടുത്തുള്ള കൊടകര BRC യിൽ നിന്ന് ഈ കുട്ടിക്ക് ലഭ്യമാക്കാൻ ആവശ്യമായ ക്രമീകരണം മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഒരുക്കേണ്ടതാണ്. ഇതിനാവശ്യമായ സഹായം കൊടകര ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടതാണ്.
2) LPS തലം കഴിഞ്ഞ കുട്ടികൾക്ക് സ്പീച്ച് ബിഹേവിയറൽ ആന്റ് ഒക്കുപ്പേഷണൽ തെറാപ്പി നൽകുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഐ.എ/ഡി.എ) വകുപ്പ് |

### 4.2 ഇടുക്കി ജില്ലാ പഞ്ചായത്ത്

ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024–ലെ കത്ത് (SRG/1140/24)

വിഷയം:– ABC സെന്റർ നിർമ്മിക്കുന്നതിനായി ഈ വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്ന തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി സംബന്ധിച്ച്

തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ട് എടുത്തിരുന്നു. 2023–24 വർഷം ആരംഭിച്ച പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. ജില്ലാ പഞ്ചായത്ത് 20.00 ലക്ഷം രൂപയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് 3.30 കോടി രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ആകെ 3.50 കോടി രൂപയുണ്ട്. 2024–25 വർഷം ടെണ്ടർ നടപടി പൂർത്തിയാക്കി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും

2024-25-ൽ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. അതിനാൽ മറ്റ തദ്ദേശഭരണസ്ഥാപനങ്ങൾ നീക്കി വച്ചിരിക്കുന്ന വിഹിതം ലാപ്സാകാതിരിക്കാൻ ഈ തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- 1) ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

2) ഇത് സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗത്തിൽ ഖണ്ഡിക 3.1 പ്രകാരമെടുത്ത തീരുമാനത്തിന്റെ തുടർ നടപടി റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

## 4.3 പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024-ലെ 5-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/5/25 – CC/106/24)

വിഷയം:- വനിതാ SHG കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഷെഡ് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 135/24 | *അടങ്കൽ* | *6,65,246 രൂപ (എസ്.സി.പി)* |
| *പേര്* | വനിതാ SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം – അംബേദ്കർ മെമ്മോറിയൽ – പഴയന്നൂർ | |

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണസംഘത്തിന് ഷെഡ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. മാർഗ്ഗരേഖ പ്രകാരം നിർമ്മാണ ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത്. നിലവിൽ 277 അംഗങ്ങളുള്ള സംഘത്തിൽ മുഴുവൻ പട്ടികജാതി വിഭാഗക്കാരാണ്. മുൻപ് സംഘത്തിലെ കലാകാരന്മാർ കലാപരിപാടികൾ നടത്തുന്നുണ്ടായിരുന്നു. ഇപ്പോൾ കലാ പരിപാടികൾ നടത്തുന്നില്ല. വാദ്യോപകരണങ്ങൾ, പവർ ടൂൾസ് എന്നിവ വാടകയ്ക്ക് നൽകുകയാണ് സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന സ്രോതസ്സ്. 2022-23 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നാണ്ടിൽ 30,248 രൂപ നഷ്ടവും ആകെ നഷ്ടം 12,35,282 രൂപയുമാണ്. ഈ സാഹചര്യത്തിൽ ഷെഡു നിർമ്മാണത്തിന് സംഘത്തിന് ധനസഹായം നല്കാൻ സാധിക്കില്ല. എങ്കിൽ കൂടി 50 ശതമാനം തുക സംഘം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ തുക നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- 1) ആവശ്യം പരിഗണിച്ചില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്ന് സംഘത്തിന് പ്രത്യേകം ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) ഈ കെട്ടിടത്തിൽ തൊഴിൽ പരിശീലനം, മറ്റ വരുമാനദായക പ്രവൃത്തികൾ എന്നിവ ആരംഭിച്ച് സംഘം ലാഭത്തിലാക്കാനുള്ള മറ്റ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഇതു നൽകുന്ന മുറയക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.4 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.2024-ലെ 10-11/14-ാം നമ്പർ കത്തും പത്തനംതിട്ട ജല്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.06.2024-ലെ 3(4)-ാം നമ്പർ തീരുമാനവും തിരുവിതാംകൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ 01.11.2024-ലെ ROC/ 19053/24/M1 നമ്പർ കത്തും. (SRG/146/2025)

വിഷയം:- പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമി ക്ഷേത്രകുളം പുനരുദ്ധാരണം.

| | | |
|---|---|---|
| *പ്രോ.നം: 980/25* | *അടങ്കൽ* | *16,00,000 രൂപ* |
| | | *(സി.എഫ്.സി. ററ്റഡ് ഗ്രാന്റ്)* |
| *പേര്* | *പള്ളിക്കൽ ശ്രീകണ്ഠാള സ്വാമിക്ഷേത്രക്കുളം പുനരുദ്ധാരണം* | |

പത്തനംതിട്ട ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമിക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ്. ശ്രീകണ്ഠാളസ്വാമി ക്ഷേത്രത്തിന്റെ ക്ഷേത്രക്കുളം സൈഡ് കെട്ടിയും ചുറ്റവേലി നിർമ്മിച്ചും സംരക്ഷിക്കാൻ ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ക്ഷേത്രാചാരങ്ങൾക്ക് തടസ്സമുണ്ടാക്കാതെയും ഉടമസ്ഥത തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലനിർത്തിക്കൊണ്ടും കുളം നവീകരിക്കുന്നതിന് ദേവസ്വം ബോർഡ് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ക്ഷേത്രം കുളം പുനരുദ്ധരിക്കാനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്

തീരുമാനം :-

1) ക്ഷേത്രാചാരത്തിന് തടസ്സമുണ്ടാക്കാതെയുള്ള പുനരുദ്ധാരണത്തിനാണ് NOC നൽകിയിരിക്കുന്നതെന്ന് യോഗം വിലയിരുത്തി. ദേവസ്വം ബോർഡിന്റെ ഈ നിബന്ധനയോടെയുള്ള സമ്മതപത്ര പ്രകാരം അനുമതി നൽകുന്നില്ല. എന്നാൽ എല്ലാ വിഭാഗത്തിലുംപ്പെട്ട പൊതുജനങ്ങൾക്ക് ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുമതി നൽകാമെന്ന് ദേവസ്വംബോർഡും ക്ഷേത്ര ഉപദേശക സമിതിയും സമ്മതപത്രം നൽകുകയാണെങ്കിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നതാണ്.
2) കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലമുറപ്പാക്കാനും കുളം നവീകരണം സഹായിക്കും എന്നതിനാലാണ് മുകളിൽ പറഞ്ഞ നിബന്ധനയോടെ ഇതിന് സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകുന്നത്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.5 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.12.2024-ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും ഉള്ളടക്കം ചെയ്തിരിക്കുന്ന DPR ഉം അനുബന്ധരേഖകളും (SRG/45/2025 - CC/700/24)

വിഷയം:- ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന് അഭിമുഖമായി PPP മാതൃകയിൽ ഗ്ലാസ് ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 215/25 | അടങ്കൽ | 10,90,00,000 രൂപ |
|---|---|---|
| | | വികസനഫണ്ട് ജനറൽ - 2,00,000 രൂപ |
| | | സംഭാവന - 10,88,00,000 രൂപ |
| പേര് | PPP മാതൃകയിൽ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം. | |

ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വെള്ളച്ചാട്ടത്തിന് അഭിമുഖമായി PPP മാതൃകയിൽ ഗ്ലാസ്സ് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭൂമിയുടെ ഉടമസ്ഥത കൈമാറാതെ സ്വകാര്യ മേഖല/വ്യക്തി മുഖേന നിർമ്മാണം നടത്താനാണ് പ്രോജക്ട്. 25 വർഷം കഴിഞ്ഞ് ഗ്രാമപഞ്ചായത്തിന് ഗ്ലാസ്സ് ബ്രിഡ്ജ് കൈമാറണമെന്നും ടിക്കറ്റ് നിരക്കിന്റെ 20 ശതമാനം ഗ്രാമപഞ്ചായത്തിന് നൽകണമെന്നുമാണ് കരാറിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥ. ആകെ ചെലവിന്റെ 0.25 ശതമാനം ഗ്രാമപഞ്ചായത്തു വഹിക്കും. ഈ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

തീരുമാനം :- ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിർമ്മാണത്തിൽ പങ്കാളികളാകുന്ന ഏജൻസി ഏതാണ്, മറ്റുവകുപ്പുകളുടെ അനുമതി, ടൂറിസം വകുപ്പിന്റെ സഹായം, പ്രോജക്ടിന്റെ പ്രായോഗികത, സുരക്ഷാ മാനദണ്ഡങ്ങൾ, വരുമാനം എങ്ങനെയാണ് ഷെയർ ചെയ്യുന്നത്, വിശദമായ DPR തുടങ്ങിയവയിലൊന്നും വ്യക്തത വരുത്തിയിട്ടില്ല എന്ന് യോഗം വിലയിരുത്തി. സാധ്യതാപഠനവും ഇപ്രകാരമുള്ള നടപടികളും പൂർത്തിയാക്കി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അനുമതി/NOC സഹിതം നൽകാൻ നിർദ്ദേശം നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |
|---|---|

### 4.6 കതിരൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കതിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.12.2024-ലെ 325/2024-ാം നമ്പർ തീരുമാനവും. (SRG/84/25 - CC/805/24)

വിഷയം:- കതിരൂർ ഗ്രാമപഞ്ചായത്തിലെ പൊന്ന്യത്തങ്കം ഏഴരക്കണ്ടത്ത് നടക്കുന്ന സാംസ്കാരികോത്സവത്തിന് വിഹിതം നൽകുന്നത് സംബന്ധിച്ച്.

| പ്രോ.നം. 334/25 | അടങ്കൽ | 3,00,000 രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | പൊന്ന്യത്തങ്കം വാർഷികാഘോഷം - കളരി അഭ്യാസ പ്രദർശനവും | |

കതിരൂർ ഗ്രാമപഞ്ചായത്തിലെ പൊന്ന്യത്തെ ഏഴരക്കണ്ടം മുൻകാലങ്ങളിൽ തച്ചോളി ഒതേനനും മറ്റും പൊയ്ത്ത് (അങ്കം) നടത്തിയ പ്രദേശമാണ്. ഈ പ്രദേശത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി സ്ഥലം വാങ്ങി കളരി അക്കാദമി, മ്യൂസിയം, തിയേറ്റർ, ലൈബ്രറി തുടങ്ങിയ സൗകര്യമൊരുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ബഹു.തലശ്ശേരി MLAയുടെ MLAADS-ൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഫോക് ലോർ അക്കാദമിയുമായി ചേർന്നാണ് ഏഴരക്കണ്ടം പൊന്ന്യത്തങ്കം എല്ലാ വർഷവും സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ 7 ദിവസങ്ങളിലായി നടന്നു വരുന്ന സാംസ്കാരികാഘോഷ പരിപാടികൾക്കായി സ്റ്റേജ്, ലൈറ്റ്, സൗണ്ട് സിസ്റ്റം, പന്തൽ തുടങ്ങിയവയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് 3.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- മുകളിൽ പറഞ്ഞ പ്രോജക്ടിലെ തുക ചെലവഴിക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം വകുപ്പ് |

## 4.7 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/94/25 - CC/20/25)

വിഷയം:- സ്കൂൾ കുട്ടികൾ മുഖേന വിതരണം ചെയ്യുന്ന കോഴികുഞ്ഞുങ്ങൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 63/25 | അടങ്കൽ | 3,25,000 രൂപ<br>വികസനഫണ്ട് ജനറൽ - 1,62,500 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം 1,62,500 രൂപ |
| പേര് | സ്കൂൾ പൗൾട്ടി ക്ലബ് - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ 50 കുട്ടികൾക്ക് 46-50 ദിവസം പ്രായമായ 5 കോഴികളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. 50 ശതമാനം വീതം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വഹിക്കും. 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപയാണ് മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു ( Rs.120 x5 Nos.). എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോഴിയുടെ വില 120 രൂപയിൽ നിന്ന് 130 രൂപയായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം വർദ്ധിപ്പിച്ചു. എന്നാൽ അധികമായി വരുന്ന 10 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ഒരു കോഴിയുടെ വില 130 രൂപയാണ്. ഈ സാഹചര്യം പരിഗണിച്ച് സ്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെ (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 10 രൂപ ഉൾപ്പെടെ) നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- കോഴികളെ സ്കൂൾ കുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം കൂടി തേടി പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.8 മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും അനുബന്ധ രേഖകളും (SRG/96/25 - CC/797/24)

വിഷയം:- ഡ്രെയിനേജ് വൃത്തിയാക്കിയതിന്റെ ചെലവ് DLR ന്റെ അടിസ്ഥാനത്തിൽ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 153/24 | അടങ്കൽ | 2,00,000 രൂപ<br>(തനത് ഫണ്ട് ) |
| പേര് | മാലിന്യ ശുചീകരണം - ഡ്രെയിനേജ് വൃത്തിയാക്കൽ | |

ദേശീയപാതയിൽ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യണമെന്ന് ദേശീയപാത വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി ചെയ്തില്ല. നാഷണൽ ഹൈവേയിൽ മണ്ണും മാലിന്യവും കുടിക്കിടക്കുന്നത് പൊതുജനങ്ങളുടെ സഞ്ചാരത്തിന് തടസ്സമായതിനാൽ മണ്ണും

മാലിന്യവും നീക്കം ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി നടപ്പാക്കി. മക്കരപ്പറമ്പ് അങ്ങാടി മുതൽ പുണർപ്പ് യു.പി. സ്കൂൾ വരെയുള്ള ഡ്രെയിനേജ് ആണ് വൃത്തിയാക്കിയത്. ഈ പ്രവൃത്തി നടത്തുന്നതിന് നാഷണൽ ഹൈവേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിരുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാലാണ് ഗ്രാമപഞ്ചായത്ത് പ്രത്യേകം വിഹിതം വകയിരുത്തിയത്. പ്രവൃത്തി പൂർത്തിയാക്കി കരാറുകാരൻ 75,180 രൂപയുടെ ബിൽ നൽകി. ബിൽ സൂക്ഷ്മ പരിശോധന നടത്തി 54,945 രൂപയുടെ Daily Labour Report (DLR) ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും കൂടാതെ നടപ്പാക്കിയ ഈ പ്രവൃത്തിയുടെ വാല്യുവേഷനു പകരം DLR ന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**<u>4.9 മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2025-ലെ DP(MPM)/12/2025 -ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2025-ലെ 1(9)-ാം നമ്പർ തീരുമാനവും (SRG/241/25)

വിഷയം:- ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ്/ സോളാർ ലൈറ്റ് സ്ഥാപിച്ചതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച് .

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2023-24, 2024-25 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിൽ അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹണം പൂർത്തിയാക്കി തുക കൈമാറിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ കരാർ വച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകൾക്കായതിനാൽ നിലവിൽ നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ള 2023-24-ലെ പ്രോജക്ടുകൾക്കും നിർവ്വഹണം ആരംഭിച്ചിട്ടുള്ള 2024-25-ലെ പ്രോജക്ടുകൾക്കും സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

സോളാർ മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനത്തിനായുള്ള പദ്ധതികളിൽ 2023-24 വർഷം 11 പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക കൈമാറിയിട്ടുള്ളതും 2024-25 വാർഷിക പദ്ധതിയിൽ ഇതേ ആവശ്യത്തിലേയ്ക്ക് 15 പദ്ധതികൾ കരാറിൽ ഏർപ്പെട്ട് നിർവഹണം ആരംഭിച്ചിട്ടുമുണ്ട്.

**<u>നടപ്പാക്കിയ പ്രോജക്ടുകൾ 2023-24</u>**

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -1074/25 (386/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,55,00,000 |
| 2 | പ്രോജക്ട് നമ്പർ -1338/25 (1277/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 45,00,000 |
| 3 | പ്രോജക്ട് നമ്പർ -1380/25 (1401/24) | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ്-- ലൈറ്റ് സ്ഥാപിക്കൽ | 41,80,180 |
| 4 | പ്രോജക്ട് നമ്പർ -1430/25 (1515/24) | എടക്കര പോത്തുകല്ല് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി | 14,21,778 |

| | | | |
|---|---|---|---|
| | | മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ | |
| 5 | പ്രോജക്ട് നമ്പർ –1437/25 (1523/24) | ചോക്കാട് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,21,737 |
| 6 | നമ്പർ –1447/25 (1538/24) | പോത്തുകല്ല് എടക്കര പഞ്ചായത്തിലെ വിവിധ എസ്റ്റി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ – എടക്കര | 19,71,290 |
| **7** | പ്രോജക്ട് നമ്പർ –385/24 | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,62,38,362 |
| **8** | പ്രോജക്ട് നമ്പർ –924/24 | ദീപം – വഴിക്കടവ്– എടക്കര ഗ്രാമ പഞ്ചായത്തുകളിലെ പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– | 20,00,000 |
| **9** | പ്രോജക്ട് നമ്പർ –1030/24 | മരംവെട്ടിച്ചാൽ കുറ്റിക്കാട് കരുളായി എന്നിവിടങ്ങളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 |
| **10** | പ്രോജക്ട് നമ്പർ –1005/24 | വല്ലിക്കുന്ന് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 20,00,000 |
| **11** | പ്രോജക്ട് നമ്പർ –1031/24 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 25,00,000 |
| | | **ആകെ** | **6,32,33,347** |

## നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ (2024–25)

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ –394/25 | നവജ ഗ്രാമം പ്രഖ്യാപിച്ച വാർഡുകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,49,99,999 |
| 2 | പ്രോജക്ട് നമ്പർ –396/25 | കരുവാരക്കുണ്ട് പൊൻമുണ്ടം രണ്ടത്താണി നന്നമ്പ്ര അരിക്കോട് ഡിവിഷനുകളിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,44,98,629 |
| 3 | പ്രോജക്ട് നമ്പർ –398/25 | പൊന്മുണ്ടം എടവണ്ണ ആതവനാട് മാറഞ്ചേരി വള്ളിക്കുന്ന് പൂക്കോട്ടൂർ അങ്ങാടിപ്പുറം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,28,50,000 |
| 4 | പ്രോജക്ട് നമ്പർ –431/25 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 5 | പ്രോജക്ട് നമ്പർ –432/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 6 | പ്രോജക്ട് നമ്പർ –433/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 28,85,000 |
| 7 | പ്രോജക്ട് നമ്പർ –1277/25 (275/24) | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 8 | പ്രോജക്ട് നമ്പർ –1503/25 | രണ്ടത്താണി ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി | 11,40,000 |

| | | | |
|---|---|---|---|
| | | മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | |
| 9 | പ്രോജക്ട് നമ്പർ -1536/25 | ഒഴൂർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,99,999 |
| 10 | പ്രോജക്ട് നമ്പർ -1549/25 | തൃക്കലങ്ങോട് അരീക്കോട് ഡിവിഷനുകളിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 11 | പ്രോജക്ട് നമ്പർ -1550/25 | തൃക്കലങ്ങോട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 12 | പ്രോജക്ട് നമ്പർ -1572/25 | മംഗലം ഡിവിഷനിലെ വിവിധ എസ്സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,99,999 |
| 13 | പ്രോജക്ട് നമ്പർ -1573/25 | മംഗലം ഡിവിഷനിലെ വിവിധ സ്ഥലങ്ങിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 10,00,000 |
| 14 | പ്രോജക്ട് നമ്പർ -1589/25 | എടപ്പാൾ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 24,99,999 |
| 15 | പ്രോജക്ട് നമ്പർ -397/25 | എടയൂർ മക്കരപ്പറമ്പ വണ്ടൂർ വഴിക്കടവ് ചങ്ങരംകുളം - ആനക്കയം ചുങ്കത്തറ ഡിവിഷനുകളിലെ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,37,00,000 |
| | | **ആകെ** | **9,13,43,627** |

തീരുമാനം :- **1)** ജില്ലാ പഞ്ചായത്ത് 2023-24 വർഷം നടപ്പാക്കിയ പ്രോജക്ടുകളിന്മേൽ ഓഡിറ്റ് കുറിപ്പുണ്ടെങ്കിൽ തുടർനടപടി വകുപ്പുതലത്തിൽ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**2)** ജില്ലാ പഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കാൻ പ്രോജക്ട് എടുക്കുന്ന അവസരങ്ങളിൽ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി നടത്തണമെന്ന് മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നതാണ്. എന്നിട്ടും ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നേരിട്ടാണ് നടപ്പാക്കിയതെങ്കിൽ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. 2024-25 വർഷം എപ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയത്, നിർവഹണ ഏജൻസി ഏതാണ്, സോളാർ മിനി മാസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പാലിച്ചിരുന്നോ തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.10 കൊണ്ടോട്ടി മുനിസിപ്പാലിറ്റി

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2025-ലെ കത്തും കൊണ്ടോട്ടി നഗരസഭാ കൗൺസിലിന്റെ 08.08.2024-ല 4-ാം നമ്പർ തീരുമാനവും കൊണ്ടോട്ടി നനഗരസഭാ സെക്രട്ടറിയുടെ 31.12.2024-ലെ കത്തും (SRG/135/25 - CC/881/24)

വിഷയം:- ശ്രീ. മുഹമ്മദ് കുട്ടി കളത്തിങ്ങൽ ഹൗസ് എന്ന വ്യക്തിയുടെ വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 9-ാം വാർഡിൽ താമസിക്കുന്ന ഭിന്നശേഷിക്കാരനായ ശ്രീ.മുഹമ്മദ്കുട്ടി, കളത്തിങ്ങൽ ഹൗസ്, ബ്ലോക്ക് റോഡ്, കൊണ്ടോട്ടി എന്ന വ്യക്തിയുടെ വീട് സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് CMO പോർട്ടൽ വഴി ബഹു.മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഒപ്പം ബഹു.ഓംബുഡ്സ്മാൻ, ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നിവിടങ്ങളിലും പരാതി നൽകി. വെള്ളത്തിന്റെ

ഒഴുക്കു മൂലം വീടിന് കേട്ടു സംഭവിക്കുന്നുണ്ടോ എന്നു പരിശോധിച്ച് ഉചിതമായ പരിഹാര നടപടി സ്വീകരിക്കാൻ ബഹു. ഓംബുഡ്സ്മാൻ നിർദ്ദേശിച്ചിരുന്നു. ഈ വ്യക്തിയുടെ വീട് റോഡിൽ നിന്ന് താഴ്ന്ന ഭാഗത്തായതിനാൽ നഗരസഭ റോഡിന്റെ സൈഡിലൂടെ കെർബ് നിർമ്മിച്ച് അതിനു മുകളിൽ ഹാൻഡ് റെയിൽ കൊടുത്താൽ സുരക്ഷ ഒരുക്കുന്നതിനും ഈ വ്യക്തിയുടെ വീട്ടിലേയ്ക്ക് വെള്ളം ഒഴുകുന്നത് തടയാനും സഹായകരമാകും എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. ഇതിന് 3.50 ലകഷം രൂപ ചെലവ് വരും. ഒപ്പം വീടിന്റെ പിൻഭാഗത്ത് സുരക്ഷാഭിത്തിയും കെട്ടേണ്ടതുണ്ട്. അതിന് ഏകദേശം 2.50 ലക്ഷം രൂപ ചെലവ് വരും. ആകെ 6.00 ലക്ഷം രൂപ. സ്വകാര്യ വ്യക്തിയുടെ ഭൂമി സംരക്ഷണത്തിനായതിനാൽ ഈ പ്രവൃത്തി ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായം ആരാഞ്ഞ് വെള്ളമൊഴുക്ക് തടയുന്നതിന് മുകളിൽ പറഞ്ഞതുപോലെ റോഡിന്റെ സൈഡിലൂടെ കെർബ് നിർമ്മിച്ച് അതിനു മുകളിൽ റെയിൽ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നു. വീടിന്റെ പിൻ ഭാഗത്ത് ഭിത്തി കെട്ടേണ്ട ചുമതല നഗരസഭ എടുക്കേണ്ടതില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.11 കുന്നംകുളം നഗരസഭ

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും കുന്നംകുളം നഗരസഭാ കൗൺസിലിന്റെ 08.10.2024-ലെ 4-ാം നമ്പർ തീരുമാനവും (SRG/147/25 - CC/771/24)

വിഷയം:- അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 30/25 | അടങ്കൽ | 5,00,000 രൂപ (CFC Basic Grant) |
| പേര് | അഗതി രഹിത കേരളം - ആശ്രയ | |

കുന്നംകുളം നഗരസഭയിൽ അഗതി രഹിത കേരളം പദ്ധതിയിൽ 127 ഗുണഭോക്താക്കൾ ഉണ്ട്. കുടുംബശ്രീയുടെ ചലഞ്ച് ഫണ്ടായി ലഭിച്ച 20,28,548 രൂപ ഉപയോഗിച്ച് 2023 ജൂലൈ വരെ ഈ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകി. തുടർന്ന് 2024 മെയ് വരെ നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് ഇവർക്ക് ഭക്ഷണ കിറ്റ് നൽകിയത്. പ്രതിമാസം 80,300 രൂപ ഭക്ഷണ കിറ്റ് നൽകാൻ വേണം. ഇനിയും ഭക്ഷണ കിറ്റ് നൽകാൻ വികസന ഫണ്ട് (CFC Basic Grant) ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഭക്ഷണകിറ്റ് നൽകുന്നത് തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതി ആയതിനാൽ ചലഞ്ച് ഫണ്ടിന്റെ അടുത്ത ഗഡു ലഭിക്കുന്നതു വരെ നഗരസഭയുടെ തനതുഫണ്ടുപയോഗിച്ച് ഭക്ഷണകിറ്റ് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

### 4.12 കൊടുവായൂർ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 28.01.2025-ലെ കത്ത് (SRG/149/24 - CC/39/25)

വിഷയം:- വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ രഥോത്സവത്തിന്റെ ഭാഗമായി തെരുവുകൾ വൃത്തിയാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 27/25 | അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട് ) |
| പേര് | കൊട്ടുവായൂർ രഥോത്സവം | |

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ രഥോത്സവം ജനുവരി 13,14 തീയതികളിലായി നടന്നു. രഥോത്സവത്തിന്റെ ഭാഗമായി തെരുവുകളും വീഥികളും ഗ്രാമപഞ്ചായത്ത് വൃത്തിയാക്കി ശുചീകരണ പ്രവൃത്തികൾ നടത്താറുണ്ട്. മുൻ വർഷങ്ങളിൽ ഇപ്രകാരം തെരുവുകൾ വൃത്തിയാക്കി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ 1.50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ വർഷവും രഥോത്സവത്തിനായി തെരുവുകൾ വൃത്തിയാക്കുന്നതിന് 1.50 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.13 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2025-ലെ കത്ത് . (SRG/134/25 - CC/23/25)

വിഷയം:- നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 264/25 | അടങ്കൽ | 50,000 രൂപ (CFC Tied Grant) |
| പേര് | ക്ലീൻ താഴെക്കോട് | |

താഴെക്കോട് ടൗൺ പ്രദേശത്ത് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായും ശുചീകരണ കാമ്പയിന്റെ ഭാഗമായും നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ ഇന്റർ ലോക്ക് കട്ട വിരിക്കാനാണ് പ്രോജക്ട്. ഇതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- ആവശ്യം നിരസിച്ചു. നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നത് പോലുള്ള പ്രവർത്തനം നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.14 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി**

_ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2025-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.10.2024-ലെ 2.6 ഖണ്ഡിക 4.3 പ്രകാരമുള്ള യോഗ തീരുമാനവും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 10.01.2025-ലെ PH4 -7200/14 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/144/25 - CC/22/25)

വിഷയം:- കുടിവെള്ള കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 513/25 | അടങ്കൽ | 1,00,00,000 രൂപ |
| | | വികസനഫണ്ട് – ജനറൽ – 75,98,720 രൂപ |
| | | CFC Tied Grant – 24,01,280 രൂപ |
| പേര് | 2024-25 കൊടുങ്ങല്ലൂർ നഗരസഭ – കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക അടവാക്കൽ | |

കൊടുങ്ങല്ലൂർ നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയായിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ഇത് 14.00 കോടിയായി വാട്ടർ അതോറിറ്റി കുറവ് ചെയ്തിരുന്നുവെങ്കിലും ഒറ്റത്തവണയായി അടയ്ക്കാത്തതിനാൽ തുക 17.70 കോടിയായി വർദ്ധിച്ചു. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് കേരള വാട്ടർ അതോറിറ്റിയുമായി ധാരണയായിട്ടുണ്ട് എന്ന് നഗരസഭ അറിയിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2023-24 വർഷം കുടിശ്ശിക അടയ്ക്കാൻ 1.00 കോടി രൂപയുടെ പ്രോജക്ട് (വികസനഫണ്ട് ജനറൽ 75,98,720 രൂപ + CFC Basic Grant 24,01,280 രൂപ) നഗരസഭ തയ്യാറാക്കിയിരുന്നു. ഈ വിഷയം 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട്നൽകാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ റിപ്പോർട്ടിനോടൊപ്പം 01.07.2024 വരെയുള്ള കുടിശ്ശിക 19,90,54,893 രൂപയാണ് എന്ന് ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഇതനുസരിച്ച് 16.10.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം "റവന്യൂ റിക്കവറി നടപടികൾ കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നിർദ്ദേശം നൽകുന്നു" എന്ന തീരുമാനം നഗരസഭയെ അറിയിച്ചു. 16.10.2024-ലെ യോഗ തീരുമാനം ലഭ്യമായതിനു ശേഷം റിവിഷനിൽ ഉൾപ്പെടുത്തി 1.00 കോടി രൂപ അടവാക്കുന്നതിന് മുകളിൽ പറഞ്ഞ പ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകിയിരുന്നുവെങ്കിലും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2023-24 വർഷത്തേയ്ക്കുള്ള പ്രോജക്ടായതിനാൽ ജില്ലാ ആസൂത്രണസമിതി/ ജില്ലാ പ്ലാനിംഗ് ഓഫീസർ പ്രാഥമിക അപ്രൂവൽ നൽകിയില്ല. റവന്യൂ റിക്കവറി നടപടി ആരംഭിച്ച വിഷയമായതിനാൽ തുക അടക്കുന്നതിനുള്ള ഈ പ്രോജക്ടിന് അംഗീകാരം നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം :-

1) 16.10.2024 -ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ 2023-24-ലെ പ്രോജക്ടിന് അനുമതി എന്ന് പരാമർശിച്ചിരുന്നില്ല. "റവന്യൂ റിക്കവറി നടപടി കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നിർദ്ദേശം നൽകുന്നു" എന്നാണ് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം എന്ന് യോഗം വിലയിരുത്തി. പ്രൈമറി അപ്രൂവലിൽ അനുമതി നിരസിച്ചത് ഉചിതമായില്ല എന്ന് യോഗം നിരീക്ഷിച്ചു.
2) ധനവകുപ്പിന്റെ 27.03.2025-ലെ 3217/25/FIN നമ്പർ ഉത്തരവ് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ $14^{th}$ FC unspent ബേസിക് ഗ്രാന്റിൽ നിന്ന് 10,91,10,908 രൂപ KWA യുടെ TSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇനി ബാക്കി തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി നഗരസഭയിൽ നിന്ന് കുടിശ്ശിക തുക നല്കിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.15 <u>കണ്ണൂർ കോർപ്പറേഷൻ</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 ലെ കത്തും കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 03.12.2024 ലെ 16-ാം നമ്പർ തീരുമാനവും കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ കത്തും (SRG 156/25-CC/24/2025).

**വിഷയം:-** തോട്ടട സമാജ് വാദി കോളനിയിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന് നടത്തിയ നിർമ്മാണ പ്രവർത്തികൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം.640/2025 | അടങ്കൽ | 26,04,635 രൂപ (CFC Tied Grant) |
| *പേര്* | *തോട്ടട സമാജ് വാദി കോളനിയിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ* | |

കണ്ണൂർ കോർപ്പറേഷനിൽ തോട്ടട ടൗണിന് സമീപമുള്ള സമാജ് വാദി കോളനിയിൽ 35 KLD ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിന് 2020-21 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്ലാന്റിന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കിനായി ആകെ 50.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പ്രത്യേകം പ്രത്യേകമായാണ് ടെണ്ടർ ചെയ്തത്. സിവിൽ പ്രവർത്തിക്ക് ഇതുവരെ 10,66,712 രൂപയുടെയും മെക്കാനിക്കൽ പ്രവർത്തികൾക്ക് 8,28,653 രൂപയുടെയും പാർട്ട്ബിൽ നൽകിയിട്ടുണ്ട്. എന്നാൽ മലിനജല സംസ്കരണ പ്ലാന്റിന്റെ ഡിസൈൻ ഉൾപ്പെടെയുള്ള DPR സാങ്കേതികാനുമതിയ്ക്കായി സംസ്ഥാന ശുചിത്വമിഷന് നൽകിയിരുന്നില്ല. ഇപ്പോൾ മാത്രമാണ് സാങ്കേതികാനുമതിക്ക് ശുചിത്വ മിഷന് നൽകിയത്. ഇലക്ട്രിക്കൽ വർക്കുകൾ ഒഴികെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രോജക്ട് നടത്തിപ്പിലെ വീഴ്ചകൾ (Procedure Lapse) പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന പരാമീറ്ററുകൾക്കുള്ളിൽ മലിനജലം സംസ്കരിക്കാൻ കഴിയുന്ന പക്ഷം വാല്യുവേഷൻ എടുത്ത് നിർവ്വഹണം പൂർത്തീകരിക്കാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്വീകരിച്ച നടപടി ക്രമങ്ങൾക്ക് സാധൂകരണം നൽകി DPR അംഗീകരിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതിക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

(1) ടെണ്ടർ നടപടിയിലൂടെയാണ് പ്ലാന്റിന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തിയതെങ്കിലും DPR ശുചിത്വമിഷന് നൽകി സാങ്കേതികാനുമതി വാങ്ങാതെയാണ് ഈ നടപടികൾ സ്വീകരിച്ചത് എന്നത് വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുന്നു.

(2) മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡം അനുസരിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ഇത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണ മെന്ന നിബന്ധനയോടെ വാല്യുവേഷൻ പ്രകാരമുള്ള ബിൽതുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4.16 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025 -ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.01.2025-ലെ LSGD/DP/1835/P4/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/159/25 – CC/69/2025)

വിഷയം:- എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാരം നല്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 351/25 | അടങ്കൽ | 48,87,000 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്* | *എച്ച്.ഐ.വി. രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം* | |

കോഴിക്കോട് ജില്ലാ പഞ്ചായത്ത് എച്ച്.ഐ.വി. രോഗികൾക്കായി പോഷകാഹാര കിറ്റ് നൽകുന്നുണ്ട്. പദ്ധതി ധനസഹായ മാർഗ്ഗരേഖ പ്രകാരം ഒരു മാസം 1000 രൂപയാണ് ഇതിനായി ചെലവഴിക്കാവുന്നത്. വില വർദ്ധനവ് മൂലം രോഗികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ കിറ്റിൽ ഉൾപ്പെടുത്താൻ ഈ തുക തികയില്ല എന്ന് ചൂണ്ടികാണിച്ച് ചെലവഴിക്കാവുന്ന തുക 1750 രൂപയാക്കി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പൊതു തീരുമാനം ഖണ്ഡിക 3.1 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.17 കായംകുളം നഗരസഭ

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2025-ലെ കത്ത് (SRG/172/25 – CC/44/2025)

വിഷയം:- നഗരസഭയ്ക്ക് കുടിവെള്ള ടാങ്കർ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 582/25 | അടങ്കൽ | 20,00,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് |
| *പേര്* | *കുടിവെള്ള ടാങ്കർ വാഹനം വാങ്ങൽ* | |

കായംകുളം നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലും വലിയ വാഹനങ്ങൾ എത്തിച്ചേരാൻ സാധിക്കാത്ത വീതി കുറഞ്ഞ റോഡുകളുള്ള പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ ചെറിയ പിക്കപ് വാൻ തരത്തിലുള്ള കുടിവെള്ള ടാങ്കറും വാഹനവും വാങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വർഷത്തിൽ 3-4 മാസമാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിനായി വാഹനം വാങ്ങേണ്ടതില്ല. വാഹനം/ടാങ്കർ വാടകയ്ക്കെടുക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.18 അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 14.02.2025 ൽ) (SRG/141/25)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന രണ്ട് കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്.

(1) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുനിത കോന്തൻ ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. സുനിത ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള കുടുംബത്തിന് ആകെ 27 സെന്റ് സ്ഥലമുണ്ട്. ഇവരുടെ കുടുംബത്തിലെ മൂന്നുപേർ മാനസിക രോഗികളാണ്. ഈ വ്യക്തിക്ക് വീട് നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

(2) അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ പ്രിജീഷ് എന്ന വ്യക്തിക്ക് സ്വന്തമായി 18 സെൻറ് സ്ഥലം ഉണ്ട്. ഈ വ്യക്തിയുടെ ജ്യേഷ്ഠൻ മറ്റൊരു ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നത് എങ്കിലും പ്രജീഷിന്റെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിക്കും 18 സെന്റ് സ്ഥലമുണ്ട്. റേഷൻ കാർഡിന്റെ

അടിസ്ഥാനത്തിൽ കുടുംബത്തിന് ആകെ 36 സെന്റ് സ്ഥലമുണ്ട്. ശ്രീ പ്രജീഷിന് വീട് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.ഈ ഗുണഭോക്താവിന് സ്ട്രോക്ക് വന്ന് ഒരു ഭാഗം തളർന്ന് അവശത അനുഭവിക്കുന്ന വ്യക്തിയാണ്. ഈ വ്യക്തിക്ക് വീട് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ലൈഫ് ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഇതിനകം വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.19 <u>മുളക്കുഴ ഗ്രാമപഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.09.2024-ലെ കത്ത് (SRG/ 895/24 – CC/504/2024)

വിഷയം:- ഉന്നതിയുടെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 235/25 | അടങ്കൽ | 16,00,000 രൂപ (തനത് ഫണ്ട്) |
| *പേര്:-* | പൂതംകുന്ന് കോളനി സമഗ്ര വികസനം – ഭവന നിർമ്മാണം – ജനറൽ | |

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് നഗറിൽ ചിലരുടെ വീട് വാസയോഗ്യമല്ല. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പൂതംകുന്ന് നഗറിൽ സമഗ്ര വികസനത്തിന്റെ ഭാഗമായി അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത ജനറൽ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം :- ലൈഫ് ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഇതിനകം വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ മാത്രം ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.20 <u>മുളക്കുഴ ഗ്രാമപഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.09.204-ലെ കത്ത് (SRG/ 893/24 – CC/502/2024)

വിഷയം:- ഉന്നതിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 251/25 | അടങ്കൽ | 16,00,000 രൂപ (തനത് ഫണ്ട്) |
| *പേര്:-* | പൂതംകുന്ന് കോളനി സമഗ്ര വികസനം – ഭവന നിർമ്മാണം –എസ്.സി. | |

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് നഗറിൽ ചിലരുടെ വീട് വാസയോഗ്യമല്ല. ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പൂതംകുന്ന് നഗറിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം:- ലൈഫ് ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഇതിനകം വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ മാത്രം ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.21 വയനാട് ജില്ലാ പഞ്ചായത്ത്

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2025-ലെ കത്തും വയനാട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2023-ലെ 3(2)-ാം നമ്പർ തീരുമാനവും അനുബന്ധ കുറിപ്പും (SRG/179/25 - CC/696/2025)

വിഷയം:- വന്യജീവികളുടെ ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 552/25 | അടങ്കൽ | 30,00,000 രൂപ (CFC Basic Grant - 23,20,397 രൂപ തനത് ഫണ്ട്- 6,79,603 രൂപ) |
| *പേര്* | *വന്യജീവി ആക്രമണം - സമഗ്ര പ്രതിരോധ പരിപാടി* | |

വയനാട് ജില്ലയിൽ ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനായി സൗരവേലി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. സൗരവേലി സ്ഥാപിക്കുന്നത് ബന്ധപ്പെട്ട വന സബ് ഡിവിഷൻ മുഖേനയാണ്. ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി സംയുക്ത പദ്ധതിയായി നടപ്പാക്കാനുള്ള ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- സ്വകാര്യ ഭൂമിയിലാണെങ്കിൽ മാർഗ്ഗരേഖ പ്രകാരമുള്ള 50 ശതമാനം ധനസഹായം നൽകാവുന്നതാണ്. എന്നാൽ വനം വകുപ്പിന്റെ സ്ഥലത്താണെങ്കിൽ 100 ശതമാനം ചെലവും വഹിക്കാവുന്നതാണ്. വനം വകുപ്പുമായി ചേർന്നുവേണം പ്രവൃത്തി നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.22 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കെയർ ഫണ്ട്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2024-ലെ LSGD/PD/2646/2024 - EPEP1 നമ്പർ കത്ത് (SRG/24/2025 - LSGD /IA1/364/2024)

വിഷയം:- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി കെയർ ഫണ്ട് സ്വരൂപിക്കുന്നതു സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റെയും വിഹിതം അപര്യാപ്തമായതിനാൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും, മറ്റു സഹായങ്ങൾ എന്നിവ നൽകുന്നതിന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കെയർ ഫണ്ട് ആരംഭിക്കാവുന്നതാണ് എന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 ന് നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സുമനസ്സുള്ള വ്യക്തികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവരിൽ നിന്ന് സംഭാവനകൾ/CSR ഫണ്ട് എന്നിവ സ്വരൂപിക്കാനും ഇപ്രകാരം ലഭിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റേയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും അനുമതി സംബന്ധിച്ച്.

തീരുമാനം:- ഫണ്ട് ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ചെലവഴിക്കുന്ന തിനുമുള്ള മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്തിലും മറ്റും ഇപ്പോൾ ദുരിതാശ്വാസ നിധി

രൂപീകരിക്കാൻ അനുമതിയുണ്ട്. ഇതു കൂടി പരിഗണിച്ച് ഇരട്ടിപ്പുണ്ടാകുമോ എന്നതടക്കമുള്ള സാങ്കേതിക പ്രശ്നം കൂടി മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കണം. ഫണ്ട് സൂക്ഷിക്കുന്നതിനും EPIP യുടെ ലക്ഷ്യം കൈവരിച്ചതിനുംശേഷം ഫണ്ട് വിനിയോഗം എങ്ങനെയാണ് എന്നതും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണം. മാർഗ്ഗരേഖ നൽകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി കെയർ ഫണ്ട് രൂപീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

## 4.23 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2024-ലെ കത്ത് (SRG/ 1051/24 - CC/589/24)

വിഷയം:- ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും ജില്ലാ പഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 107/25 | അടങ്കൽ | 13,20,000 രൂപ |
| | വികസനഫണ്ട് - ജനറൽ | 9,90,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 3,30,000 രൂപ |
| *പേര്:-* | ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും | |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഈ വർഷം ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും നൽകാൻ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് നടപ്പാക്കാവുന്നത് എന്നതിനാൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നിരക്കനുസരിച്ച് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.
2) ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ ഈ പ്രോജക്ട് നടപ്പാക്കുമ്പോൾ ഉൽഘാടനമടക്കമുള്ള പൊതു ചടങ്ങുകളിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പറെയും മറ്റു ജില്ലാ പഞ്ചായത്ത് ഭാരവാഹികളെയും ക്ഷണിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.24 കോട്ടയം ജില്ലാ ആസൂത്രണ സമിതി

കോട്ടയം ജില്ലാ കളക്ടറുടെ 13.12.2024-ലെ 84898/24/DPC/DPO/KTM നമ്പർ കത്ത് (SRG/1194/24)

വിഷയം:- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ അധിക വിഹിതം നൽകുന്നത് സംബന്ധിച്ച്.

പദ്ധതി ധനസഹായ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതി സംസ്ഥാനാവിഷ്കൃത വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250 രൂപ, തദ്ദേശഭരണ സ്ഥാപന വിഹിതം 6,250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്ന രീതിയിലാണ് നടപ്പാക്കേണ്ടത്. മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം ലഭിക്കുന്നില്ലാത്തതിനാൽ

ഈ വിഹിതം കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന കോട്ടയം ജില്ലാ ആസൂത്രണസമിതിയുടെ 05.12.2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- മൃഗസംരക്ഷണ വകുപ്പ് വിഹിതം വകയിരുത്തുന്ന അവസരങ്ങളിൽ മാത്രം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് മാർഗ്ഗരേഖ പ്രകാരമുള്ള വിഹിതം വകയിരുത്തിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതില്ല എന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.25 പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1119/24 - CC/234/24)

വിഷയം:- അപ്പാത്ത് ചോല റോഡ് നിർമ്മാണത്തിന് തുക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്തു നടപ്പാക്കുന്നത് സംബന്ധിച്ച്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം അപ്പാത്തി ചോല റോഡ് നിർമ്മാണത്തിന് (കൊണ്ടാഴി ഗ്രാമപഞ്ചായത്ത്) പ്രോജക്ട് എടുത്തിരുന്നു. വനമേഖലയിലുള്ള ഈ പ്രോജക്ടിന് വനംവകുപ്പ് NOC നൽകിയില്ല. അതിനാൽ കഴിഞ്ഞ വർഷം ഇതുപേക്ഷിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ അടങ്കൽ തുക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്ത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. കഴിഞ്ഞ വർഷം 15.75 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. തുക ഡെപ്പോസിറ്റ് ചെയ്താൽ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡ് നിർമ്മാണം നടത്താമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- അനുവദനീയമായ വിഹിതം വനം വികസന സമിതിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.26 തളിക്കുളം ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2024-ലെ കത്ത് (SRG/ 967/24 - CC/453/24)

വിഷയം:- തെരുവുവിളക്ക് മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.215/24 | അടങ്കൽ | 8,50,000 രൂപ |
| | വികസനഫണ്ട് ജനറൽ | 2,86,386 രൂപ |
| | തനത് ഫണ്ട് | 5,63,614 രൂപ |
| *പേര്:-* | *തെരുവുവിളക്ക്, ഹൈമാസ്റ്റ് ലൈറ്റ്, സോളാർ ലൈറ്റ് പരിപാലനം* | |

തളിക്കുളം ഗ്രാമപഞ്ചായത്ത് 2023-24 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മുകളിൽ പറഞ്ഞ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. തെരുവുവിളക്ക് പരിപാലനത്തിനായി സർക്യൂട്ട് ടെക്നോളജി, കുടുംബശ്രീ പെരിഞ്ഞനം എന്ന സ്ഥാപനവുമായി 24.03.2022 ന കരാറിലേർപ്പെടുകയും ഈ ഏജൻസി തെരുവുവിളക്ക് മെയിന്റനൻസ്

നടത്തുകയും ചെയ്തിരുന്നു. കരാർ കാലാവധി 31.03.2023 ന അവസാനിച്ചു. കരാർ പുതുക്കിയത് 2024 നവംബർ മാസമാണ്. എന്നാൽ 01.04.2023 മുതൽ 2024 നവംബർ വരെ ഇതേ ഏജൻസി മുഖേന തെരുവുവിളക്ക് മെയിന്റനൻസ് നടത്തി. കരാർ നിലവിലില്ലാത്ത കാലയളവിലെ മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക 4,96,200 രൂപ ഈ സ്ഥാപനത്തിന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ബിൽ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.27 <u>മലപ്പുറം ജില്ലാ ആസൂത്രണ സമിതി</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024-ലെ DPO/ MLP/DPC/42/2024 - RA3 നമ്പർ കത്ത് (SRG/ 982/24)

വിഷയം:- തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച്

മാർഗ്ഗരേഖ പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ടാണ് ഉപയോഗിക്കാവുന്നത്. സി.എഫ്.സി. ബേസിക് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാൻ കഴിയുമോ എന്നു വ്യക്തമാക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

(i) 28.05.2022-ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 7.10.1 പ്രകാരം ജംഗ്ഷനിലും മറ്റും മുൻപ് സ്ഥാപിച്ചിരുന്ന ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

(ii) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും പരിപാലനവും ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലയുടെ ഗണത്തിൽപ്പെട്ടതാണ് എന്നതിനാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ തനത് ഫണ്ട് നെഗറ്റീവായ തദ്ദേശഭരണ സ്ഥപനങ്ങൾക്ക് വികസന ഫണ്ട് ജനറൽ അടക്കമുള്ള അനുവദനീയ വിഹിതം ഉപയോഗിക്കാവുന്നതാണ്. തനത് ഫണ്ട് നെഗറ്റീവ് ആണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതും തനത് ഫണ്ട് ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ഭരണസമിതിയും ജില്ലാ ആസൂത്രണസമിതിയും ഉറപ്പാക്കേണ്ട തുമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.28 <u>വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്</u>**

ബഹു. മത്സ്യബന്ധനം-സാംസ്കാരികം-യുവജനകാര്യം വകുപ്പ് മന്ത്രിയുടെ 21.08.2024-ലെ 367/GEN/2024/M, (F,C&YA) Fish നമ്പർ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/ 734/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് കൂടി ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം വെള്ളപ്പൊക്കം മൂലം ഭിത്തികളൊക്കെ വിള്ളൽ വീണ് അപകടാവസ്ഥയിലാണ്. ഒപ്പം കെട്ടിടം 1.5 മീറ്ററോളം താഴ്ന്ന അവസ്ഥയിലാണ്. പഴയ കെട്ടിടം മെയിന്റനൻസ് നടത്തുന്നതിന് പകരം പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിനും ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഘടക സ്ഥാപനങ്ങൾക്കുമായി കെട്ടിടം നിർമ്മിക്കുന്നതിന് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം 7.00 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2024-25, 2025-26 വർഷത്തെ വികസനഫണ്ട്, തനത് ഫണ്ട്, MLASDF വിഹിതം എന്നിവയോടൊപ്പം 2024-25, 2025-26 വർഷങ്ങളിലെ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 3.00 കോടി രൂപ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പുതിയ കെട്ടിട നിർമ്മാണമായതിനാൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

1) നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതല്ല. ആവശ്യം നിരസിച്ചു. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.
2) ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന പദ്ധതി വിഹിതം ലഭ്യമാക്കാനുള്ള സാധ്യത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് ഫണ്ട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.29 നന്ദിയോട് ഗ്രാമപഞ്ചായത്ത്**

സർക്കാരിന്റെ 30.11.2024-ലെ DB2/825/2024/LSGD നമ്പർ കത്തും നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.10.2024-ലെ A2/4681/2024-ാം നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.10.2024-ലെ 8(4)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1148/24 )

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള റോഡിന് നന്ദിയോട് ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച്.

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ കുറുപുഴ പച്ചമല റോഡിൽ വെമ്പ് മണലയത്ത് ഭാഗത്തെ കലുങ്കും പാർശ്വഭിത്തിയും അപകടവസ്ഥയിലാണെന്നും ഇതുവഴിയുള്ള വാഹന ഗതാഗതം ദുരന്തത്തിന് കാരണമാകുമെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റോഡ് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഇത് നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് ഫണ്ടില്ല എന്നറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതം ഉപയോഗിച്ച് ഇതിന്റെ അറ്റകുറ്റപ്പണി നടത്താൻ ജില്ലാ പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള വിഹിതം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് 81/25-ാം നമ്പർ ആയുള്ള ഇളവട്ടം പാറയടി റോഡ് സൈഡ് വാൾ നവീകരണം എന്ന പ്രോജക്ട് ഒഴിവാക്കി വിഹിതം [മെയിന്റനൻസ് ഗ്രാന്റ് (റോഡ്)] കണ്ടെത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യം പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള മുകളിൽ പറഞ്ഞ റോഡിന്റെ കലുങ്കിന്റേയും പാർശ്വഭിത്തിയുടെയും നവീകരണത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലുള്ള 9.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഈ വർഷത്തെ (2025-26) അനുബന്ധം IV അനുസരിച്ച് ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) കുറഞ്ഞിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിന് വിഹിതം കൂടി. ഈ സാഹചര്യത്തിൽ ഇതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കുന്നത് ജില്ലാപഞ്ചായത്ത് പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.30 അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.03.2024-ലെ **Pre -1/2024 -** ◌ാ◌ം നമ്പർ കത്ത് **(**SRG/289/25)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ടർഫ് കോർട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് യൂത്ത് കോഓർഡിനേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്

അരുവാപ്പുലം ഗ്രാമപഞ്ചായത്ത് 2022- 23 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി 70.00 ലക്ഷം രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ സ്റ്റേഡിയത്തിൽ ടർഫ് കോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ടർഫ് കോർട്ട് യുവജനങ്ങൾക്ക് കായികാവശ്യത്തിന് വിട്ടു നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിന്റെ നിർമ്മാണ ഘട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ ചിലർ ബഹു.ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് ടർഫ് കോർട്ട് ഗ്രാമപഞ്ചായത്തിലെ യുവജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവിട്ടുകൊണ്ടാണ് കോർട്ടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ അനുമതി നൽകിയത് എന്നറിയിച്ചിരിക്കുന്നു. ടർഫ് കോർട്ടിന്റെ നടത്തിപ്പ് ചിട്ടപ്പെടുത്തുന്നതിനും മറ്റും ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു യൂത്ത് കോഓർഡിനേറ്ററെ നിയമിക്കാനും തനത് ഫണ്ട് കുറവായതിനാൽ പദ്ധതി വിഹിതം ഉപയോഗിക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) ബഹു. ഹൈക്കോടതിയിലെ WP(C)No.7112 of 2023 ലെ കേസിൽ ഗ്രാമപഞ്ചായത്ത് 03.04.2023, 04.04.2023 എന്നീ തീയതികളിൽ ടർഫ് കോർട്ട് ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് സ്പോർട്സ് ആവശ്യത്തിനും മറ്റു പൊതു പരിപാടികൾക്കും സൗജന്യമായി നൽകാമെന്ന് രണ്ട് അഫിഡവിറ്റ് ബഹു. ഹൈക്കോടതിയിൽ നൽകിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ബഹു. ഹൈക്കോടതിയിൽ ഇപ്രകാരം അഫിഡവിറ്റ് നൽകുമ്പോൾ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം കൂടി തേടേണ്ടതായിരുന്നു എന്ന് യോഗം വിലയിരുത്തി.

2) ഗ്രാമപഞ്ചായത്ത് 70.00 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ടർഫ് കോർട്ട് ശരിയായ രീതിയിൽ പരിചരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ടർഫ് കോർട്ട് ഉപയോഗിക്കുന്നവരുടെ ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഫണ്ട് /സംഭാവന സ്വരൂപിച്ച് കോർട്ടിന്റെ പരിപാലനമടക്കമുള്ളവയ്ക്ക് ആവശ്യമായ തുക കണ്ടെത്തേണ്ടതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. സ്പോർട്സ്, ഗെയിംസ് എന്നിവയ്ക്ക് മാത്രമായി ടർഫിന്റെ ഉപയോഗം ക്രമപ്പെടുത്തണം. ഗ്രാമപഞ്ചായത്തിനു പുറത്തുള്ളവർക്ക് കോർട്ട് നൽകുമ്പോൾ യൂസർ ഫീ വാങ്ങാവുന്നതാണ്. സ്പോർട് ഗെയിംസ് എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സംഘാടകരിൽ നിന്നും വാടക ഈടാക്കാവുന്നതാണ്,

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.31 കുത്തുപറമ്പ് നഗരസഭ

സർക്കാരിന്റെ 27.09.2024-ലെ DA1/358/2024/തസ്വഭവ നമ്പർ കത്തും കുത്തുപറമ്പ് നഗരസഭാ ചെയർപേഴ്സന്റെ 04.09.2024-ലെ കത്തും (SRG/926/24)

വിഷയം:- ഡയാലിസിസ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

കുത്തുപറമ്പ് നഗരസഭയിൽ 2018 മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കുത്തുപറമ്പ് താലൂക്കാശുപത്രിയോട് ചേർന്നാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇവിടെ 500 ലധികം രോഗികൾ ഡയാലിസിസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി നിയമിക്കുന്ന ടെക്നീഷ്യൻ അടക്കമുള്ളവർക്ക് വേതനം നഗരസഭയിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്. ഇതുവരെയുള്ള വേതനം കിഡ്നി വെൽഫയർ സൊസൈറ്റിയും നഗരസഭാ വിഹിതവും ഉപയോഗിച്ചാണ് നൽകിയതെന്നറിയിച്ചിട്ടുണ്ട്.

തീരുമാനം :-

1) ഡയാലിസിസ് യൂണിറ്റിന് വേതനമടക്കമുള്ള ചെലവ് സ്വന്തമായി കണ്ടെത്തുന്ന രീതി സ്വീകരിക്കേണ്ടതാണ്. ഓരോ രോഗിക്കും പ്രതിമാസം 4000 രൂപ വീതം ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്ത് നൽകുന്നുണ്ട്. ഈ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നത്. ഈ വിഹിതം ഉപയോഗിച്ച് വേതനമടക്കമുള്ള ചെലവ് കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

   കൂടാതെ ഉയർന്ന വരുമാനമുള്ള രോഗികളിൽ നിന്ന് കുറഞ്ഞ നിരക്കിലുള്ള ഫീസ് ഈടാക്കാവുന്നതാണ്. ഒപ്പം HMCയ്ക്ക് പലയിടത്തും സംഭാവനയും ലഭിക്കുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന ഫണ്ടും ഉപയോഗിക്കാവുന്നതാണ്.
   എന്നാൽ കിറ്റ്, മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് നഗരസഭാ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

2) സംസ്ഥാനത്തെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.32 തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്ത് (SRG/ 996/24 – CC/511/24)

വിഷയം:- കൊവിഡ് പ്രതിരോധ പരിരക്ഷാ പ്രവർത്തനത്തിനു ലഭിച്ച തുകയിൽ ചെലവഴിക്കാതെയുള്ള വിഹിതം പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവനയിലൂടെയും മറ്റും ലഭിച്ച തുകയിൽ ചെലവഴിക്കാതെ മിച്ചമായി 3,30,664 രൂപ SBI തെക്കുംഭാഗം ബ്രാഞ്ചിൽ ഉണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- പാലിയേറ്റീവ് അടക്കം ആരോഗ്യ മേഖലയിൽ തന്നെ ഈ തുക ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

**4.33 ഉണ്ണികുളം ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2024, 19.12.2024 - എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം), 19.07.2024-ലെ 1(2) -ാം നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.12.2024-ലെ കത്തും (SRG/ 1115/24 - CC/474/2024)

വിഷയം:- ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്ററിനു കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 2022-23 വർഷം ഹെൽത്ത് ഗ്രാന്റ് സ്കീം 1 പ്രകാരം ഇയ്യാട് സബ്സെന്ററിന് 55.50 ലക്ഷം രൂപ (ഒരു വർഷം 27.75 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഈ സെന്ററിന് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 14,01,128 രൂപയുടെ നവീകരണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഈ കെട്ടിടം നിലവിൽ നല്ല രീതിയിലാണ്. നിലവിലുള്ള ഈ കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയുകയുള്ളൂ. കെട്ടിടത്തിന് അറ്റകുറ്റപ്പണി നടത്തിയതിനാൽ ഇത് പൊളിച്ചുമാറ്റുക പ്രയാസകരമാണ്. ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ കാന്തപുരം സബ്സെന്റർ വളരെ പരിതാപകരമായ അവസ്ഥയിൽ ആണ്. ഇത് സുരക്ഷിതമല്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിനാൽ ഇയ്യാട് സബ്സെന്ററിനനുവദിച്ച തുക കാന്തപുരം സബ്സെന്ററിനായി മാറ്റി നൽകുന്നതിന് അനുമതി സംബന്ധിച്ച്

തീരുമാനം :- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.34 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2024-ലെ LSGD/DP/491/2024- PL നമ്പർ കത്തും (SRG/1181/24 - CC/728/24)

വിഷയം:- പാലിയേറ്റീവ് യൂണിറ്റിന്റെ ഭാഗമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 59/25* | *അടങ്കൽ* | *5,00,000 രൂപ*<br>*മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* |
| *പേര്* | *പാലിയേറ്റീവ് യൂണിറ്റിലേയ്ക്ക് ജില്ലാതലത്തിൽ ഫിസിയോതെറാപ്പിസ്റ്റ് നിയമനം* | |

ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ പരിധിയിൽ 800 രോഗികളും മാവേലിക്കര ജില്ലാ ആശുപത്രിയുടെ പരിധിയിൽ 500 രോഗികളും ഉൾപ്പെടെ ആകെ 1300 രോഗികൾക്ക് ഫിസിയോതെറാപ്പി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ഈ ആശുപത്രികൾ കേന്ദ്രീകരിച്ച് ഫിസിയോതെറാപ്പി സേവനം നൽകുന്നതിനും തെറാപ്പിസ്റ്റ്മാരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഫീൽഡ് പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനും അനുമതി സംബന്ധിച്ച്.

തീരുമാനം:- ഇനി പറയുന്ന രീതിയിൽ ഒരു തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതി നൽകുന്നു. കുറഞ്ഞ നിരക്കിൽ തെറാപ്പിസ്റ്റിന്റെ സേവനത്തിന് ചാർജ്ജ് ഈടാക്കി വേതനം HMC മുഖേന നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.35 ദേവികുളം ഗ്രാമപഞ്ചായത്ത്**

ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2024-ലെ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024-ലെ 1-ാം നമ്പർ തീരുമാനവും (SRG/1141/24)

വിഷയം:- ഹെൽത്ത് സെന്ററുകൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്തിൽ അരുവിക്കാട് സബ് സെന്ററിനും ദേവികുളം സബ് സെന്ററിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു പ്രൊപ്പോസൽ നൽകിയിരുന്നു. രണ്ട് സബ് സെന്റർ നിർമ്മിക്കുന്നതിൽ 1.14 കോടി രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ആകെ 9 സബ്സെന്റർ ഉണ്ടെങ്കിലും 3 സബ്സെന്ററുകൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. അരുവിക്കോട് സബ് സെന്റർ ഇരിക്കുന്ന സ്ഥലം KLD (Kerala Livestock Development Board) ബോർഡിന്റെ കൈവശവും ദേവികുളം സബ് സെന്റർ ഇരിക്കുന്ന സ്ഥലം PWD യുടെ കൈവശവുമാണ്. ഇവിടെ സബ് സെന്റർ നിർമ്മിക്കാൻ സ്ഥലത്തിന്റെ കൈവശാവകാശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മാറ്റിത്തരണമെന്നാവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. NOC യുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്താവുന്നതല്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ സബ് സെന്റർ നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- Kerala Livestock Development Board ന്റെയും PWD യുടെയും സ്ഥലം ആരോഗ്യവകുപ്പിന് കൈമാറിക്കൊണ്ട് സബ്സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതിനായി ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.36 പറപ്പൂക്കര ഗ്രാമപഞ്ചായത്ത്**

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2024-ലെ SC2/528/24-ാം നമ്പർ (SRG/1073/24)

വിഷയം:- പാലിയേറ്റീവ് പ്രവർത്തനത്തിനു സ്വരൂപിച്ച തുകയിൽ നിന്ന് മരണാനന്തര ചടങ്ങിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 2022 മുതൽ 'ജീവനം' എന്ന പേരിൽ ജനകീയ ചികിത്സാ പദ്ധതി നടപ്പാക്കുന്നു. ജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ മാത്രമാണ് ഇതിനുള്ള വിഹിതം കണ്ടെത്തുന്നത്. ഈ തുക ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനം, ആംബുലൻസ് സർവ്വീസ്, മൊബൈൽ മോർച്ചറി, ഡയാലിസിസ് രോഗികൾക്ക് ധനസഹായം, പാലിയേറ്റീവ് രോഗികൾക്ക് ഉല്ലാസ യാത്ര തുടങ്ങിയവ നടത്തുന്നുണ്ട്. ഇതോടൊപ്പം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഒരു വ്യക്തി മരണപ്പെട്ടാൽ ഈ വ്യക്തിയുടെ കുടുംബത്തിന് 3000 രൂപ വീതം ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം:- ആശ്രയ കുടുംബങ്ങളിലേയും അതിദരിദ്ര കുടുംബങ്ങളിലെയും അംഗങ്ങൾ മരിക്കുമ്പോൾ മാത്രം സംഭാവനയിലൂടെ ലഭിക്കുന്ന ഈ വിഹിതത്തിൽ നിന്ന് 3,000 രൂപ വീതം നൽകാൻ അനുമതി നൽകുന്നു. ഒപ്പം NHM ന്റെ ധനസഹായം ലഭിക്കുന്നതിന്റെ സാധ്യത തേടേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.37 പട്ടുവം ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2024-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന കേരള സംസ്ഥാന ഭവന ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.05.2024-ലെ കത്തും പട്ടുവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2024-ലെ കത്തും (SRG/ 1004/24 - CC/556/24)

വിഷയം:- ലൈഫ് ഗുണഭോക്താക്കൾക്ക് KSHB യുടെ ഫ്ലാറ്റ് നൽകുന്നത് സംബന്ധിച്ച്.

കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ് (KSHB) പട്ടുവം ഗ്രാമപഞ്ചായത്തിൽ 587 ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള ഫ്ലാറ്റ് ഉൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. ഈ ഫ്ലാറ്റ് 6.50 ലക്ഷം രൂപ വിലയ്ക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് നൽകാമെന്ന് KSHB അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് ലിസ്റ്റിൽ ഭൂരഹിത ഭവന രഹിതരായ താല്പര്യമുള്ള 23 ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആകെ 36 ഭവനങ്ങളിൽ 10 എണ്ണം ഇതിനകം KSHB നേരിട്ട് വിറ്റിട്ടുണ്ട്. ഭൂരഹിത ഭവന രഹിതർക്ക് (ജനറൽ) ആകെ നൽകാവുന്നത് 6.00 ലക്ഷം രൂപയാണ് (വീടിന് 4.00 ലക്ഷം രൂപയും സ്ഥലത്തിന് 2.00 ലക്ഷം രൂപയും). ഓരോ വീടിനും നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഗഡുക്കളായാണ് ധനസഹായം നൽകുന്നത്. 6.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ബാക്കി 50,000 രൂപ ഗുണഭോക്താവും വഹിക്കണമെന്ന നിബന്ധനയോടെ വിസ്തീർണ്ണത്തിന്റെ പരിധി കണക്കാക്കാതെ ഒറ്റ ഗഡുവായി 6.00 ലക്ഷം രൂപ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. ഫ്ലാറ്റിന്റെ യഥാർത്ഥ വില 13.00 ലക്ഷം രൂപയാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

തീരുമാനം :-

1) ഭൂരഹിത ഭവന രഹിത ലൈഫ് കുടുംബത്തിന് നൽകാവുന്ന പരമാവധി തുകയെ നൽകുന്നുള്ളൂ എന്നതിനാൽ പ്രത്യേക പരിഗണനയോടെ അനുമതി നൽകുന്നു. ലൈഫ് ലിസ്റ്റിലുള്ള അതിദരിദ്ര കുടംബത്തിൽപ്പെട്ട കുടുംബത്തിനു വേണം ആദ്യം ഫ്ലാറ്റ് നൽകേണ്ടത്. ഇത്തരം കുടുംബത്തിനുള്ള ഗുണഭോക്തൃ വിഹിതമായ 50,000 രൂപ EPIP ക്കു വേണ്ടി മാറ്റി വച്ചിരിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്ന് നൽകേണ്ടതാണ്.
2) EPIP കുടുംബത്തിന് ഫ്ലാറ്റ് നൽകിയതിനുശേഷം ഫ്ലാറ്റ് സ്വീകരിക്കാനുള്ള മറ്റു ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിക്കുമ്പോൾ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പാലിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.38 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024 -ലെ കത്തും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024-ലെ 1(9)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1046/24 - CC/586/2024)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നത് സംബന്ധിച്ച്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. കുട്ടിയമ്മ കമ്പനി മലയിൽ, ആലപ്പാറ എന്ന വ്യക്തി ലൈഫ് പദ്ധതി പ്രകാരമുള്ള ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ 103 - ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി വീട് വയ്ക്കാനുദ്ദേശിക്കുന്ന സ്ഥലം 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ഉരുൾപൊട്ടിയ സ്ഥലത്തിനോട് ചേർന്ന് ആയതിനാൽ

ഇവിടെ വീട് വയ്ക്കാൻ അനുയോജ്യമല്ല. ഇത് വില്ലേജ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ വിസ്തീർണ്ണം 0.0405 ഹെക്ടർ ആണ് (10 സെന്റ് സ്ഥലം). അതിനാൽ ശ്രീമതി.കുട്ടിയമ്മ കമ്പനി മലയിൽ എന്ന വ്യക്തിയെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റൽ ഉൾപ്പെടുത്തി ഭൂമിയും ഭവനവും നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) അനുമതി നൽകുന്നു. എന്നാൽ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിലേയ്ക്ക് മാറ്റുമ്പോൾ പ്രത്യേകമായ മുൻഗണന നൽകേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു.
2) ഒപ്പം വീട് വയ്ക്കാൻ അനുയോജ്യമല്ലാത്ത സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് വേണം അനുയോജ്യമായ സ്ഥലം കണ്ടെത്തി വീട് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.39 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്ത് (SRG/ 1111/24 – CC/711/2024)

വിഷയം:- PMAY ആവാസ് പ്ലസ് പ്രകാരമുള്ള വീട് നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ PMAY പദ്ധതി പ്രകാരം 484 പേർക്ക് ധനസഹായം നൽകണം. ഇതിലധികം ഗുണഭോക്താക്കൾ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് ചൂണ്ടിക്കാണിച്ച് വികസനഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ് & നോൺ റോഡ് എന്നീ വിഹിതം കൂടി വീട് നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വികസനഫണ്ട് ജനറലിനു പുറമെ അർഹതയുള്ള വിഭാഗങ്ങൾക്ക് എസ്.സി.പി, റ്റി.എസ്.പി. ഉപയോഗിക്കാൻ തടസ്സമില്ല. എന്നാൽ വീട് നിർമ്മാണത്തിനു ധനസഹായം നൽകാൻ മെയിന്റനൻസ് ഗ്രാന്റ് റോഡ് & നോൺ റോഡ് ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.40 എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2024 കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2024-ലെ 6(4) നമ്പർ തീരുമാനവും (SRG/ 1064/24 – CC/672/2024)

വിഷയം:- സർക്കാർ ഹൈസ്കൂളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 759/25 | അടങ്കൽ | 10,00,000 രൂപ (റ്റി.എസ്.പി) |
| *പേര്:-* | കുട്ടമ്പുഴ പഞ്ചായത്തിലെ രണ്ട് ഗവൺമെന്റ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പരിപാടി | |

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവ. ഹൈസക്കൂൾ മാമലക്കണ്ടം, ഗവ. ഹൈസ്കൂൾ പിണവൂർക്കുടി എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നുണ്ട്. ഒരു വിദ്യാർത്ഥിക്ക് 40 രൂപയാണ് ഇതിന് ചെലവഴിക്കുന്നത്. ക്വട്ടേഷൻ വിളിച്ചാണ് പ്രഭാതഭക്ഷണത്തിന് ക്രമീകരണം ചെയ്തിരിക്കുന്നത്. മാർഗ്ഗരേഖ

പ്രകാരം 7–ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രഭാതഭക്ഷണം നൽകാവുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ ആയതിനാൽ ഇവർക്ക് പ്രഭാതഭക്ഷണം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച് .

തീരുമാനം :– 1) ഒരേ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് മാത്രം ഭക്ഷണം നൽകുന്ന രീതി ഉചിതമല്ല. അതിനാൽ ആവശ്യം നിരസിച്ചു. എന്നാൽ 2024–25 വർഷം ആദ്യം മുതൽ തുടരുന്ന പ്രോജക്ടായതിനാൽ ഈ അദ്ധ്യയന വർഷം പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം നൽകുന്നു.

2) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം ലഭ്യമാക്കുന്നതിന്റെ സാധ്യത പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.41 <u>Embrit Infotech</u>**

എംബ്രൈറ്റ് ഇൻഫോടെക് കമ്പനിയുടെ പ്രോഡക്ട് ഹെഡ്ഡിന്റെ 28.06.2024–ല കത്ത് (SRG/743/24)

വിഷയം:– എംബ്രൈറ്റ് ഇൻഫോ ടെക് കമ്പനിയുടെ ഉല്പന്നം വാങ്ങുമ്പോൾ അഡ്വാൻസ് തുക നൽകണമെന്നതു സംബന്ധിച്ച്.

ഓട്ടിസം ബാധിച്ചവർക്ക് സ്കിൽ ട്രെയിനിംഗ് നൽകുന്നതിന് എംബ്രൈറ്റ് ഇൻഫോടെക് എന്ന കമ്പനി ഹാർഡ് വെയർ & സോഫ്റ്റ് വെയർ വികസിപ്പിച്ചു നൽകുന്നുണ്ട്. Visual Behavioral Therapy യുള്ള Technology Tool ആണ് ഇത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത് വാങ്ങുമ്പോൾ വിലയുടെ 75 ശതമാനമെങ്കിലും തുക അഡ്വാൻസായി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :– ആവശ്യം നിരസിച്ചു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.42 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2024–ലെ കത്ത് (SRG/1053/24 – CC /688/24)

വിഷയം:– അഭ്യസ്തവിദ്യരായവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ പരിചയം നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ആരോഗ്യമേഖലയിലും എഞ്ചിനീയറിംഗ് മേഖലയിലും യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകുന്നത്. മാർഗ്ഗരേഖ പ്രകാരവും തുടർന്നുള്ള സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന കോഴ്സ് പാസ്സായവർക്കാണ് രണ്ടു വർഷത്തെ പരിശീലനം നൽകുന്നത്. ഒപ്പം സ്റ്റൈപന്റും നൽകും. ഈ കോഴ്സുകൾക്കൊപ്പം MSW, MSC Psychology പാസ്സായവർക്കു കൂടി തൊഴിൽ പരിശീലനം നൽകാൻ അനുമതി സംബന്ധിച്ച്.

| യോഗ്യത | പ്രതിമാസ സ്റ്റൈപന്റ് |
|---|---|
| 1) BSC നേഴ്സിംഗ് (അലോപ്പതി, ആയുർവേദം) | 10,000 രൂപ |
| 2) നേഴ്സിംഗ് ജനറൽ | 8,000 രൂപ |
| 3) BMLT ഫാർമസി, റേഡിയോ ഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8,000 രൂപ |
| 4) എഞ്ചിനീയറിംഗ് | 10,000 രൂപ |
| 5) പോളിടെക്നിക് | 8,000 രൂപ |
| 6) ഐ.റ്റി.ഐ | 7,000 രൂപ |
| 7) അംഗീകൃത തെറാപ്പിസ്റ്റ് | 10,000 രൂപ |
| 8) സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് | 7,000 രൂപ |
| 9) DMLT, D ഫാം, ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 7,000 രൂപ |

തീരുമാനം :- ഇത് പട്ടികജാതി വികസന വകുപ്പുമായി ചർച്ച ചെയ്ത് പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.43 <u>ഷോളയാർ ഗ്രാമപഞ്ചായത്ത്</u>**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4.10.2024 ലെ കത്തും ഷോളയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2024-ലെ 43(1)-ാം നമ്പർ തീരുമാനവും (SRG/ 1000/24 - CC/448/24)

വിഷയം:- BSNL ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ റിസ്റ്റോറേഷൻ ഫീ ഒഴിവാക്കി BSNL നേരിട്ട് റിസ്റ്റോറേഷൻ വർക്ക് നടത്താൻ അനുമതി സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ BSNL 4G സാച്ചുറേഷൻ പദ്ധതിക്കു വേണ്ടി ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് ചെയ്യണം. ഇതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് നടത്തുമ്പോൾ റിസ്റ്റോറേഷൻ വർക്കിന്റെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഇതനുസരിച്ച് റിസ്റ്റോറേഷൻ ഫീ ഇനത്തിൽ 61,84,148 രൂപ BSNL ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആയതിനാലും പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി ആയതിനാലും റിസ്റ്റോറേഷൻ ഫീ ഒഴിവാക്കി നൽകണമെന്ന് BSNL ആവശ്യപ്പെട്ടിട്ടുണ്ട്. BSNL തന്നെ റിസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചു നൽകാമെന്ന വ്യവസ്ഥയോടെ എഗ്രിമെന്റ് വച്ച് അനുവാദം നൽകുവാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- റിസ്റ്റോറേഷൻ പ്രവൃത്തികൾ കുറ്റമറ്റതായ രീതിയിലാണ് BSNL നടത്തുന്നതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കണം. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തും BSNL-മായി കരാറിലേർപ്പെടണം. കരാറിന്റെ ഫോർമാറ്റ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഇപ്രകാരമുള്ള നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.44 അഗളി ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2024-ലെ കത്തും അഗളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.06.2024-ലെ 7(1)-ാം നമ്പർ തീരുമാനവും (SRG/ 1001/24 - CC/460/24)

വിഷയം:- BSNL ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ റിസ്റ്റോഫറേഷൻ ഫീസ് അടയ്ക്കുന്നത് ഒഴിവാക്കി BSNL നേരിട്ട് റിസ്റ്റോറേഷൻ വർക്ക് നടത്താൻ അനുമതി സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ BSNL 4G സാച്യുറേഷൻ പദ്ധതിക്കു വേണ്ടി അഗളി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് ചെയ്യണം. ഇതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് നടത്തുമ്പോൾ റിസ്റ്റോറേഷൻ വർക്കിന്റെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഇതനുസരിച്ച് റിസ്റ്റോറേഷൻ ഫീ ഇനത്തിൽ 18,29,050 രൂപ BSNL ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആയതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലുള്ള പ്രദേശത്തിനു വേണ്ടിയുള്ള പദ്ധതി ആയതിനാലും റീസ്റ്റോറേഷൻ ഫീ ഒഴിവാക്കി നൽകണമെന്ന് BSNL ആവശ്യപ്പെട്ടിട്ടുണ്ട്. BSNL തന്നെ റിസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചു നൽകാമെന്ന വ്യവസ്ഥയോടെ എഗ്രിമെന്റ് വച്ച് അനുവാദം നൽകുവാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- റിസ്റ്റോറേഷൻ പ്രവൃത്തികൾ കുറ്റമറ്റതായ രീതിയിലാണ് BSNL നടത്തുന്നതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കണം. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തും BSNL-മായി കരാറിലേർപ്പെടണം. കരാറിന്റെ ഫോർമാറ്റ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഇപ്രകാരമുള്ള നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.45 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2024-ലെ കത്തും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.08.2024-ലെ II (1) -ാം നമ്പർ തീരുമാനവും (SRG/ 1056/24 – CC/488/2024)

വിഷയം:- ശുചിത്വ പ്രവർത്തനത്തിന് മുൻകാലങ്ങളിൽ ലഭിച്ച വിഹിതത്തിൽ ബാക്കിയുള്ള തുക ശുചിത്വ മേഖലയിൽ തന്നെ ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് ശുചിത്വവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള തുക ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്.

| ക്രമ നമ്പർ | പദ്ധതി | തുക ലഭിച്ച വർഷം | ബാങ്കിന്റെ പേര് | മിച്ചമുള്ള തുക | | |
|---|---|---|---|---|---|---|
| | | | | മിച്ചമുള്ള വിഹിതം | പലിശ | ആകെ |
| 1 | നിർമ്മൽ ഭാരത് അഭിയാൻ (IAY വീടുകൾക്ക് ലാടിൻ) | 2013-14 2014-15 | ഇന്ത്യൻ ബാങ്ക്, ചടയമംഗലം | 23,31,390 | 9,23,955 | 32,55,345 |
| 2 | Total Sanitation Campaign | 4.6.2004 മുതൽ | ഇന്ത്യൻ ബാങ്ക്, ചടയമംഗലം | 11,50,576 | 1,78,154 | 13,28,730 |

ആകെ 45,84,075 രൂപ ലഭ്യമാണ്. ഈ തുക ഉപയോഗിച്ച് ശുചിത്വ മേഖലയിൽ തന്നെ താഴെപ്പറയുന്ന പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| 1 | മാലിന്യ സംസ്കരണ പ്ലാന്റ് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | 15,00,000 രൂപ |
| 2 | മാലിന്യ സംസ്കരണ പ്ലാന്റ് ചിതറ ഗ്രാമപഞ്ചായത്ത് | 18,00,000 രൂപ |
| 3 | വിവിധ സ്കൂളുകളിൽ ടോയിലറ്റ് നിർമ്മാണം, നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ | 12,84,075 രൂപ |

തീരുമാനം :- ഇതിന്റെ പ്രൊപ്പോസൽ ശുചിത്വ മിഷനു നൽകി അനുമതി വാങ്ങണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു. മാനദണ്ഡങ്ങൾ പാലിച്ച് പ്രോജക്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ് |

## 4.46 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 1066/24 – CC/710/2024)

വിഷയം:- അതിദരിദ്രരായ വയോജനങ്ങൾക്ക് വിമാനത്തിൽ ഉല്ലാസയാത്രയ്ക്ക് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 43/25 | അടങ്കൽ | 3,30,790 രൂപ (വികസനഫണ്ട് ജനറൽ) |
| *പേര്:-* | ഒരു വട്ടം കൂടി - വയോജനങ്ങൾക്ക് ഫ്ലൈറ്റിൽ ഉല്ലാസയാത്ര | |

കുറ്റിപ്പുറം ബ്ലോക്ക് പരിധിയിൽപ്പെട്ട ആറു ഗ്രാമപഞ്ചായത്തുകളിലെ അതിദരിദ്രരായ 46 വയോജനങ്ങൾക്ക് അവരുടെ ഉല്ലാസത്തിന്റെ ഭാഗമായി വിമാനയാത്ര നടത്താൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതല്ല. സംഭാവന/ സ്പോൺസർഷിപ്പ് വഴി ഇതിനുള്ള വിഹിതം കണ്ടെത്തി പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.47 മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)

കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2024-ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1126/24 – CC/743/2024)

വിഷയം:- മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്.

മണിയൂർ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിലുള്ള ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ 11.07.2022-ലെ 1646/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ നൽകിയ പ്രതിമാസ വാടക 15,766 രൂപയാണ്. ഇതേ നിരക്കിൽ 2023-24 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും വാടക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- വ്യാവസായിക പരിശീലന വകുപ്പിന്റെ അഭിപ്രായം തേടി പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (എഫ്.എം/ആർ.സി) വകുപ്പ് |

**4.48 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

ബഹു.നാദാപുരം എം.എൽ.എ യുടെ 20.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 28.04.2023-ലെ 4(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/1100/24)

വിഷയം:- തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ മുകളിലത്തെ നില നിർമ്മിക്കാൻ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിക്കുന്നത് സംബന്ധിച്ച്.

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ വളയം സാമൂഹ്യ കേന്ദ്രത്തിൽ കൂടുതൽ പേർക്ക് കിടത്തി ചികിത്സാ സൗകര്യ മൊരുക്കുന്നതിന് സി.എച്ച്.സി.ക്ക് ഒരു നിലകൂടി നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഫണ്ട് കുറവായതിനാലും സർക്കാരിൽ നിന്ന് പ്രത്യേക സഹായമൊന്നും ലഭിക്കാത്തതിനാലും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മുകളിലത്തെ നില നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.49 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

ബഹു.നാദാപുരം എം.എൽ.എ യുടെ 20.11.2024-ലെ കത്തും കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.10.2024-ലെ 5(7)-ാം നമ്പർ തീരുമാനവും (SRG/1128/24 CC/720/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഫർണിച്ചറിനും അനുബന്ധ സൗകര്യത്തിനുമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 84/25* | *അടങ്കൽ* | *90,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* |
| *പേര്* | *ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ* | |

ബ്ലോക്ക് പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നുണ്ട്. വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ ഈ കെട്ടിടത്തിൽ പാർട്ടീഷ്യൻ ഉൾപ്പെടെയുള്ള അധിക സൗകര്യം ഒരുക്കുന്നതിനും ഫർണിച്ചർ, കമ്പ്യൂട്ടർ, വയറിംഗ് എന്നിവയ്ക്കും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 90.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.50 ദേവികുളം ഗ്രാമപഞ്ചായത്ത്**

ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.09.2024-ലെ P15/2024-ാം നമ്പർ കത്ത് (SRG/1142/24)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായങ്ങൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്കും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്തിൽ 85 ശതമാനം ജനസംഖ്യയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ഒരു ശതമാനം ആൾക്കാർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ നൽകുന്നുണ്ട്. ഒപ്പം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം, ബെഡ് തുടങ്ങിയവയും ഗ്രാമപഞ്ചായത്ത് നൽകുന്നുണ്ട്. ഇത്തരം ധനസഹായങ്ങൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്കും നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പ് |

**4.51 പള്ളിക്കൽ ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2024, 30.10.2024 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/1060/24 - CC/553/24)

വിഷയം:- ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 42/25* | *അടങ്കൽ* | *4,20,000 രൂപ* |
| | *വികസനഫണ്ട് ജനറൽ* | *2,50,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്* | *1,70,000 രൂപ* |
| *പേര്* | *അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടയ്ക്കെടുക്കൽ* | |

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കുന്നുണ്ട്. തനത് ഫണ്ട് കുറവായതിനാലും വികസനഫണ്ടിൽ നിന്ന് വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടായതിനാലും എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കാൻ 1.70 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഇനത്തിൽ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. വാഹനം വാടകയ്ക്കെടുക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.52 വെള്ളനാട് ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2024, 30.10.2024 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) (SRG/1061/24 - CC/579/24)

വിഷയം:- ഗ്രാമപഞ്ചായത്തിലേയ്ക്ക് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 188/25 | അടങ്കൽ | 13,00,000 രൂപ (തനത് ഫണ്ട് ) |
| പേര് | പഞ്ചായത്തിലേയ്ക്ക് ആംബുലൻസ് വാങ്ങൽ | |

ഗ്രാമപഞ്ചായത്തിലെ രോഗികളുടെ ആവശ്യത്തിനായി ആംബുലൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്. ഈ ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യകേന്ദ്രം ഉണ്ടെന്നറിയിച്ചിട്ടുണ്ട്.

തീരുമാനം:- 30.01.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ആംബുലൻസ് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.53 <u>പറവൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2024 -ലെ കത്തുകളും (2 എണ്ണം) പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.01.2025-ലെ കത്തും അനുബന്ധരേഖകളും (SRG/1047/24 - CC/367/24)

വിഷയം:- പറവൂർ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ തോട് വൃത്തിയാക്കൽ, ഭൂ വികസന പ്രവൃത്തികൾ കൃഷിശ്രീ സെന്ററുകളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് ത്രിതല ഗ്രാമപഞ്ചായത്തുകളുടെ വിഹിതമുപയോഗിച്ച് ഫ്ലോട്ടിംഗ് JCB വാങ്ങാൻ 2022-23 -ൽ പ്രോജക്ട് എടുത്തിരുന്നു. 2023-24-ൽ 26,53,000 രൂപ മുടക്കി JCB വാങ്ങി. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിശ്രീ സെന്ററിന് ഫ്ലോട്ടിംഗ് JCBയുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാർ വച്ച് ചുമതല നൽകിയിട്ടുണ്ട്. JCB യുടെ വാടകയായി വർഷം 5000 രൂപ ബ്ലോക്ക് പഞ്ചായത്തിനു നൽകും. എന്നാൽ JCB യിൽ നിന്ന് വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് അടുത്ത കരാർ കാലയളവു മുതൽ വരുമാനത്തിന്റെ നിശ്ചിത ശതമാനം (10 ശതമാനം മുതൽ 30 ശതമാനം വരെ) വാടക നൽകണമെന്ന് കൃഷിശ്രീ സെന്ററിനെ അറിയിച്ചിട്ടുണ്ട്. ഈ സെന്ററിലുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾ സെന്റർ ഏറ്റെടുക്കുന്നുണ്ട്. വേതനം, ഡീസൽ ചെലവ് തുടങ്ങിയവ സ്വന്തമായി വഹിക്കും. പറവൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികൾ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എന്നിവ കൃഷി സെന്ററിനു ടെണ്ടർ കൂടാതെ ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്. തോട് ആഴം കൂട്ടി വൃത്തിയാക്കൽ, ഭൂവികസന പദ്ധതികൾ മുതലായവയാണ് കൃഷി സെന്റർ ചെയ്യുന്നത്.

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4.54 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.11.2024-ലെ LSGD/PD/38122/2024/GEB4 നമ്പർ കത്തും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2024 -ലെ BP/1450/2024/CKL നമ്പർ കത്തും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.08.2024 ലെ 3(1) -MW നമ്പർ തീരുമാനവും (SRG/25/2025 - LSGD - FM2/128/2024)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിൽ വ്യാപാര വ്യവസായ ഉല്പാദക സംരംഭക സംഗമം നടത്തുന്നത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമോത്സവം എന്ന പേരിൽ വ്യാപാര വ്യവസായ ഉല്പാദക സംരംഭക സംഗമത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തനത് ഫണ്ടിനത്തിൽ 8.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കാർഷിക പ്രദർശനം നടത്തുക, കന്നുകാലി-കോഴി

പ്രദർശനം നടത്തുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിക്കുക, ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കാർഷിക വായ്പ സ്വരൂപിക്കുക, മൃഗസംരക്ഷണത്തിന് പരിശീലനം, വ്യവസായ മേഖലയിൽ പദ്ധതി രൂപപ്പെടുത്തുക എന്നിവയാണ് ഗ്രാമോത്സവം എന്ന പേരിൽ നടപ്പാക്കുന്നത്. ഇത് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതിക്കായി സർക്കാരിന് നൽകാൻ ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി സംബന്ധിച്ച്.

തീരുമാനം:- ഈ പ്രോജക്ട് പ്രൊപ്പോസലിൽ പല അപാകതകളും വകുപ്പുതല പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. അതിനാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി മുഖേന നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.55 പൂതാടി ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024-ലെ LSGD/PD/30228/2024/ - DPLA1 നമ്പർ നമ്പർ കത്തും പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2024-ലെ 401007/DPPE 04/GPO/2024/3172(2)-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/897/24)

വിഷയം:- പഠനമുറിക്ക് മുൻകൂറായി നൽകിയ തുക തിരികെ അടയ്ക്കുന്നതു സംബന്ധിച്ച്.

പൂതാടി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ.ശശി, വാകേരി കോളനി എന്ന വ്യക്തിയുടെ മകൻ അഭിജിത്തിന് പഠനമുറി നിർമ്മിക്കാൻ 2020-21 വർഷം അഡ്വാൻസായി 50,000 രൂപ നൽകിയിരുന്നു. കൊവിഡ് കാലമായതിനാൽ പഠനമുറിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. ശ്രീ.ശശി മരത്തിൽ നിന്നും വീണ് കിടപ്പിലായതിനാൽ ജോലിക്ക് പോകാൻ കഴിയില്ല. അതിനാൽ മുൻകൂറായി വാങ്ങിയ തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നതിൽ നിന്നൊഴിവാക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം:- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബമാണ് എന്നതു പരിഗണിച്ച് 50,000 രൂപ തിരികെ അടക്കുന്നതൊഴിവാക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.56 അരിക്കുളം ഗ്രാമപഞ്ചായത്ത്**

അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.09.2024-ലെ കത്ത് (SRG/1031/24)

വിഷയം:- നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന യൂണിവേഴ്സിറ്റി റീജിയണൽ സെന്ററിന് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ചാലിക്കരയിൽ സ്ഥാപിക്കാൻ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി 5 ഏക്കർ ഭൂമി വാങ്ങി യൂണിവേഴ്സിറ്റിക്ക് നൽകണം. നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളോട് ഇതിന് വിഹിതം നൽകണമെന്ന് നൊച്ചാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2.00 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ് |

## 4.57 ദേവികുളം ഗ്രാമ പഞ്ചായത്ത്

ദേവികുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024 കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.09.2024-ലെ 13(1) -ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ലെ (ഖണ്ഡിക 4.56) യോഗ തീരുമാനവും (SRG/1144/24, SRG /1143/24)

വിഷയം:- എസ്റ്റേറ്റ് മേഖലയിൽ വിവിധ നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന 62 പ്രോജക്ടുകൾ എസ്റ്റേറ്റ് മേഖലയിൽ നടപ്പാക്കാനായി 2024-25 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെയാണ്. എസ്റ്റേറ്റ് മേഖലയിൽ എസ്റ്റേറ്റ് ഉടമകളുടെ /അധികാരികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ പൊതു അനുമതി നൽകണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പൊതു അനുമതി നൽകുന്നില്ല എന്നും ഓരോ കേസും നൽകുന്ന മുറയ്ക്ക് പ്രത്യേകം പരിശോധിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ യോഗം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് മേഖലയിൽ താഴെപ്പറയുന്ന 62 പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

### ദേവികുളം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ തുക |
|---|---|---|---|---|
| 1 | 63 | വാർഡ് 1 ബെൻമോർ അപ്പർ ഡിവിഷൻ വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 2 | 64 | വാർഡ് 1 ബെൻമോർ ലോവർ ഡിവിഷൻ കാന്റീൻ മുതൽ മടസ്വാമി കോവിൽ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 3 | 70 | വാർഡ് 1 ബെൻമോർ മുതൽ അപ്പർ ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 4 | 71 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് മുതൽ രാജേഷ് വീട് വരെ ഫുട്പാത് നിർമ്മാണം | എസ്.സി.പി | 350000 |
| 5 | 72 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് പുനരുദ്ധാരണം | എസ്.സി.പി | 450000 |
| 6 | 75 | വാർഡ് 3 ചിറ്റിവര തങ്കമ്മൻ കോവിൽ ഭാഗം ലൈൻസ് കുടിവെള്ള പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 7 | 76 | വാർഡ് 4 നഗരത്തം വീട് മുതൽ ലെനിൻ വീട് വരെ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 8 | 79 | വാർഡ് 4 ചിറ്റിവര ഓ സി ഡിവിഷൻ മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 9 | 82 | വാർഡ് 5 പി ആർ ഡിവിഷൻ ഫീൽഡ് നമ്പർ 5 മുതൽ കാന്റീൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 10 | 87 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ ഹോസ്പിറ്റൽ മുതൽ പ്രിയങ്ക വീട് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 11 | 89 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ മുനിയാണ്ടി കാന്റീൻ മുതൽ അശോക് തോട്ടം വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |

| | | | | |
|---|---|---|---|---|
| 12 | 235 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറിൽ നിന്നും 5 സെൻറലേക്ക് ബന്ധിപ്പിക്കുന്ന പാലം | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 6211000 |
| 13 | 91 | വാർഡ് 6 എല്ലപെട്ടി സെൻട്രൽ ഡിവിഷൻ മുരുകൻ വീട് മുതൽ പ്രകാശ് വീട് വരെ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 14 | 92 | വാർഡ് 6 എല്ലപ്പെട്ടി കെ കെ ഡിവിഷൻ അഞ്ചു കട മുതൽ മൂക്കൻ സൂപ്പർവൈസർ ലൈൻസ് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 15 | 94 | വാർഡ് 6 എല്ലപ്പെട്ടി സെൻട്രൽ മല്ലിക വീടിനടുത്തുള്ള ടാങ്കിലേക്ക് പൈപ്പ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 16 | 96 | വാർഡ് 7 അരുവിക്കാട് ഈസ്റ്റ് ഡിവിഷൻ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 800000 |
| 17 | 98 | Ward 7 അരുവിക്കാട് സെൻട്രൽ ഡിവിഷൻ സുബ്രഹ്മണ്യൻ ലൈൻസിന് സമീപം വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 18 | 99 | വാർഡ് 8 സൈലന്റ് വാലി ഫാക്ടറി കോളനി പെന്തകോസ്ത് ചർച്ച മുതൽ ആള്കാർപാണ്ടി വീട്ടു വരെ ഫുട്പത്തു | എസ്.സി.പി | 350000 |
| 19 | 100 | വാർഡ് 8 സൈലന്റ് വാലി റേഷൻ കടക്കു സമീപം കലുങ്ക് നിർമ്മാണം | എസ്.സി.പി | 450000 |
| 20 | 101 | വാർഡ് 8 സൈലന്റ് വാലി ഫസ്റ്റ് ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 21 | 102 | വാർഡ് 16 - ദേവികുളം പഞ്ചായത്ത് ഓഫീസ് - കുറ്റിയാർ വാലി റോഡ് പുനരുദ്ധാരണം | എസ്.സി.പി+റോഡ് | 2579000 |
| 22 | 103 | വാർഡ് 9 ഉഡാർവിള വിജയൻ വീട് മുതൽ കുട്ടിയമ്മ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 23 | 104 | വാർഡ് 9 സൈലന്റ് വാലി 3 ഡിവിഷൻ പെരട്ടികളം മുതൽ ലൈൻസ് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 24 | 105 | വാർഡ് 3 - ചെണ്ടുവര ടോപ്പ് ഡിവിഷൻ മുതൽ ലോവർ ഡിവിഷൻ വരെ റോഡ് പുനരുദ്ധാരണം | റോഡ് | 2200000 |
| 25 | 106 | വാർഡ് 2 - പുതുക്കുടി റോഡ് പുനരുദ്ധാരണം | എസ്.സി.പി | 500000 |
| 26 | 108 | വാർഡ് 13 - ചൊക്കനാട് ഈസ്റ്റ് ഡിവിഷൻ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം | റോഡ് | 500000 |
| 27 | 113 | വാർഡ് 9 ഉഡാർവിള ഫാക്ടറി ഡിവിഷൻ വാട്ടർ ടാങ്ക് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 28 | 115 | വാർഡ് 10 ദേവികുളം മിഡിൽ ഡിവിഷൻ മാരിയമ്മൻ കോവിൽ മുതൽ പ്രഭു വീട് വരെ റോഡ് നിർമ്മാണം | റോഡ് | 400000 |
| 29 | 116 | വാർഡ് 10 ഓ ഡി കെ മെത്തപ്പ് മുതൽ ഓ ഡി കെ ഡിവിഷൻ മെയിൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 30 | 117 | വാർഡ് 11 ലാക്കാട് എസ്റ്റേറ്റ് പുതുക്കാട്ടു ഡിവിഷൻ നിന്നും ന്യൂ ലൈൻസ് വരെ ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 31 | 118 | വാർഡ് 11 ദേവികുളം ഫാക്ടറി ഡിവിഷൻ തങ്കരാജ് വീട് മുതൽ സതീഷ് കുമാർ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |

| | | | | |
|---|---|---|---|---|
| 32 | 122 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 800000 |
| 33 | 124 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ ചിന്തമണി വീട് മുതൽ കവിത രവി വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 34 | 125 | വാർഡ് 15 ഗ്രഹംസലാൻഡ് ക്രച്ച മുതൽ മുത്തുപാണ്ടി വീട് വരെ റോഡ് | എസ്.സി.പി | 400000 |
| 35 | 127 | വാർഡ് 15 ഗ്രഹംസലാൻഡ്ചെ ല്ലകനി വീട് മുതൽ ശിവകുമാർ വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 36 | 128 | വാർഡ് 16 കുട്ടിയാർവാലി റോഡിൽ നെറ്റിമെട്ട ഭാഗത്തു ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 37 | 129 | വാർഡ് 17 മാട്ടുപ്പെട്ടി ഫാക്ടറി മുതൽ മാട്ടുപ്പെട്ടി ടോപ്ഡിവിഷൻ തെന്മല റോഡ്റോ നിർമ്മാണം | എസ്.സി.പി | 800000 |
| 38 | 131 | വാർഡ് 18 ഫീൽഡ് നമ്പർ 43 മുതൽ മാരിയമ്മൻ കോവിൽ റോഡ് | എസ്.സി.പി | 1500000 |
| 39 | 132 | വാർഡ് 18 ഗുണ്ടുമല ടോപ്ഡി വിഷൻ ഭാഗത്തുള്ള ടാങ്കിൽ നിന്നും ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 40 | 133 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ ട്രാൻസ്ഫോർമർ മുതൽ ശാന്തി വീട് വരെ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 41 | 134 | വാർഡ് 13 ചോക്കനാട് നോർത്ത് കാർത്തി വീട് മുതൽ സരോജ വീട് വരെ റോഡും ഡ്രൈനേജും | എസ്.സി.പി | 400000 |
| 42 | 135 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ വാട്ടർ ടാങ്കും പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 43 | 136 | വാർഡ് 2 പുതുക്കുടി ഡിവിഷൻ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 44 | 140 | വാർഡ് 18 തെന്മല ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 45 | 141 | വാർഡ് 13 ചോക്കനാട് കുളമാകായ് ഡിവിഷൻ കാന്റീൻ മുതൽ മസ്റ്റർ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 46 | 142 | വാർഡ് 4 ചിട്ടുവര എൻ സി ഡിവിഷൻ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 350000 |
| 47 | 148 | 18 മൈൽ ചിറ്റിവര റോഡിനു ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 784350 |
| 48 | 149 | പഞ്ചായത്ത് ഓഫീസ് എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 2805200 |
| 49 | 222 | വാർഡ് 15 ഗ്രഹാംസ്ലാൻഡ് വെയ്റ്റിംഗ് ഷെഡ് മുതൽമെയിൻ റോഡ് റീ കോൺക്രീറ്റിംഗ് | എസ്.സി.പി | 400000 |
| 50 | 236 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറ് ഭൂമിയിലെ പുതിയ ടാങ്കിൽ നിന്നുള്ള ജല വിതരണ പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 1000000 |
| 51 | 237 | ടേക്ക് എ ബ്രേക്ക് പദ്ധതി-മാട്ടുപ്പെട്ടി ഡാം സൈഡ്സ്ത്രീ സൌഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |
| 52 | 238 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഹൈഡൽ ബോട്ടിംഗ് സെൻററിന് സമീപംസ്ത്രീ സൌഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |
| 53 | 239 | ടേക്ക് എ ബ്രേക്ക് പദ്ധതി-കുണ്ടള ഡാമിന് സമീപം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1130000 |

| | | | | |
|---|---|---|---|---|
| 54 | 243 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഗ്രഹാംസ്ലാൻറ് | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 600000 |
| 55 | 244 | വാർഡ്-18 സോത്തുപ്പാറ ടോപ്പ് ഫാക്ടറി എഎൽപി സ്കൂൾ ടോയ് ലറ്റ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 495000 |
| 56 | 247 | അംഗൻവാടി സെന്റർ നമ്പർ 37 ആസ്ബസ്റ്റോസ് മേൽക്കൂര മാറ്റലും സിലിങ്ങും | ജനറൽ ഫണ്ട് | 100000 |
| 57 | 249 | ടേക്ക് എ ബ്രേക്ക് പദ്ധതി-എക്കോപോയിൻറിന് സമീപം | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 900000 |
| 58 | 265 | വാർഡ് 11 - ദേവികുളം ഫാക്ടറി ഡിവിഷൻ സി എസ് ഐ ചർച്ചിനു സമീപം കലുങ്കും റോഡ് നിർമ്മാണവും | എസ്.സി.പി | 800000 |
| 59 | 267 | വാർഡ് 10 മാനില ഡിവിഷൻ ഫീൽഡ് നമ്പർ 17 ചെക്ക് ഡാം നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 60 | 268 | വാർഡ്-4 ചിറ്റവര ഒസി ഡിവിഷൻ കാൻറീൻ മുതൽ അന്തോണി വീട് വരെ അഴുക്കു ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 61 | 270 | വാർഡ് 8 സൈലൻറ് വാലി മുനിയമ്മ വീട് മുതൽ ചുടലമണി വീട് വരെ അഴുക്കു ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 300000 |
| 62 | 271 | വാർഡ് 17 തെൻമല ഉണ്ടുമല കാൻറീൻ മുതൽ ദാമോദരൻ വീട് വരെ അഴുക്ക് ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |

തീരുമാനം:- ഈ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.58 <u>Vegitable & Fruit Promotion Council Keralam</u>**

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം - ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.05.2024-ലെ VFPCK/CA1/GOK/Communication/2024/409-ാം നമ്പർ കത്ത് (SRG/960/24 -LSGD/DA1/165/2020 - LSGD)

വിഷയം:- വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം- ൽ നിന്ന് HDPEചട്ടികൾ, മൺചട്ടികൾ തുടങ്ങിയവ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസാഹയ മാർഗ്ഗരേഖ പ്രകാരവും 10.06.2020-ലെ 1087/2020/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരവും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)- ൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് തുടങ്ങിയവ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം Indian Institute of Horticulture Research Bangalore (IIHR), കേരള കാർഷിക സർവ്വകലാശാല എന്നിവയിൽ നിന്നും ടെക്നോളജി ട്രാൻസ്ഫർ മുഖേന പഴം, പച്ചക്കറിക്കാവശ്യമായ സൂക്ഷ്മ മൂലകങ്ങളും VFPCK ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടി പരിഗണിച്ച് മുകളിൽ പറഞ്ഞവയോടൊപ്പം HDPE ഗ്രോ ബാഗുകൾ, HDPE ചട്ടികൾ, മൺ ചട്ടികൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ എന്നിവ കൂടി VFPCK യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- HDPE ചട്ടികളും, മൺ ചട്ടികളും VFPCK സ്വയം ഉൽപാദിപ്പിക്കുന്നില്ല. അതിനാൽ ഇവ ഒഴിച്ച് VFPCK ഉല്പാദിപ്പിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ തുടങ്ങിയവ മാത്രം VFPCKയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.59 ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കേരള മാർക്കറ്റ് ഫെഡ്)**

കേരള മാർക്കറ്റ് ഫെഡ് ചെയർമാന്റെ 11.12.2024-ലെ കത്തും മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടറുടെ 11.12.2024-ലെ KSCMF/FERT/2022-23 -ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ലെ (ഖണ്ഡിക 2.9 - 4.13-ാം നമ്പർ തീരുമാനവും (SRG/79/24)

വിഷയം:- കാർഷിക ഉല്പാദനോപാധികൾ മാർക്കറ്റ് ഫെഡിൽ നിന്നു നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വിവിധ ഇനം വളങ്ങൾ, കാർഷിക ഉല്പാദനോപാധികൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മാർക്കറ്റ് ഫെഡ്) എം.ഡി ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ പ്രമുഖ രാസവള ഉല്പാദക വിപണന സ്ഥാപനങ്ങളായ IFFCO, FACT, RCF, KRIBHCO, MFL, IPL തുടങ്ങിയ സ്ഥാപനങ്ങളുടെ കേരളത്തിലെ മാർക്കറ്ററും അംഗീകൃത സംസ്ഥാനതല ഡിസ്ട്രിബ്യൂട്ടറും ആയി മാർക്കറ്റ് ഫെഡ് പ്രവർത്തിക്കുന്നുണ്ട്. വളങ്ങൾക്ക് FCO നിർദ്ദേശിക്കുന്ന ഗുണമേന്മ ഉറപ്പു വരുത്തുന്നുണ്ട്. ഉല്പാദക സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽക്കുന്നത്. എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക് തുടങ്ങിയവ അംഗീകൃത ഉല്പാദകരിൽ നിന്നാണ് വാങ്ങുന്നത്. വിത്തുകൾ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപനം നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. ഇതിന്മേൽ കൃഷി വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.08.2024-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി ആവശ്യം നിരസിച്ചു. ഇത് പുനഃപരിശോധിച്ച് മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഈ വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.60 കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ കുറിപ്പ് (3 എണ്ണം) ലഭിച്ചത് 14.10.2024 ൽ (SRG/975/24, SRG/973/24, SRG/974/24 )

(i)വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികതല ജൈവ വൈവിധ്യ പരിപാലന കർമ്മ പദ്ധതി (LBSAP) തയ്യാറാക്കുന്നത് സംബന്ധിച്ച്.

ജൈവവൈവിധ്യ നിയമമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളെ (PBR) ആസ്പദമാക്കി പ്രാദേശിക തലത്തിൽ പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി തയ്യാറാക്കാൻ ജൈവവൈവിധ്യ പരിപാലന സമിതികളെ (BMC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23-ൽ 21-ഉം 2023-

24-ൽ 25 ഉം 2024-25-ൽ 28 ഉം (ആകെ 74) BMC കളെ Local Biodiversity Strategy and Action Plan (LBSAP) തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും LBSAP തയ്യാറാക്കുന്നതിനും അതിനാവശ്യമായ വിഹിതം വികസന ഫണ്ടിൽ നിന്ന് ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇപ്രകാരം പൊതുവായി അനുമതി നൽകേണ്ടതില്ലെന്നു തീരുമാനിച്ചു. ഓരോ തദ്ദേശഭരണ സ്ഥാപനവും ആവശ്യമായ ചെലവ് ഉൾപ്പെടുത്തി പ്രത്യേകമായി ആവശ്യപ്പെടുമ്പോൾ പരിഗണിക്കുന്നതാണ്.

(ii)വിഷയം:- ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് സിറ്റിംഗ് ഫീ നൽകുന്നത് സംബന്ധിച്ച് .

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുണ്ട്. ചെയർപേഴ്സണും സെക്രട്ടറിയും (തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും, സെക്രട്ടറിയും) കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന ജൈവവൈവിധ്യ മേഖലയുമായി ബന്ധമുള്ള ആറ് അംഗങ്ങളുമാണ് ഓരോ BMC യിലുമുള്ളത്. ഒരു വർഷം കുറഞ്ഞത് 4 BMC യോഗങ്ങളെങ്കിലും കൂടണം. ചെയർപേഴ്സണും സെക്രട്ടറിയും ഒഴികെ ബാക്കിയുള്ളവർക്ക് സിറ്റിംഗ് ഫീ/റ്റി.എ ഇനത്തിൽ ആകെ 250 രൂപ വീതം ഓരോ BMC അംഗത്തിനും തനത് ഫണ്ടിൽ നിന്നും നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- പൊതു തീരുമാനം 3.2 ബാധകമാണ്

(iii)വിഷയം:- ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിലുള്ള (TSG) വിദഗ്ധർക്ക് ഓണറേറിയം നൽകുന്നത് സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളിലെ BMC അംഗങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി എല്ലാ ജില്ലകളിലും 10 വീതം വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) രൂപീകരിച്ചിട്ടുണ്ട്. TSG അംഗങ്ങളുടെ സേവനം ലഭിക്കുന്നതിനും ഓണറേറിയം നൽകുന്നതിനും ജൈവവൈവിധ്യ ബോർഡിന്റെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം നിർദ്ദേശം നൽകിയിട്ടുണ്ട്. TSG അംഗങ്ങളിൽ നിന്ന് സാങ്കേതിക സഹായം സ്വീകരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവർക്ക് ഓണറേറിയം നൽകണമെന്ന് ബോർഡ് തദ്ദേശഭരണ വകുപ്പിനോടാവശ്യപ്പെട്ടിരുന്നു. എന്നാൽ ജൈവവൈവിദ്ധ്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ എതിർ കക്ഷിയായി വരുന്ന സന്ദർഭങ്ങൾ ഉണ്ടാകാമെന്നും ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത തദ്ദേശഭരണ സ്ഥാപനം തന്നെ ഓണറേറിയം നൽകുന്നത് ഉചിതമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ബോർഡിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം അവസരങ്ങളിൽ അല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കൽ, ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി തയ്യാറാക്കൽ, പ്രാദേശിക ജൈവ വൈവിദ്ധ്യ പദ്ധതി (LBSAP) തയ്യാറാക്കൽ, ജൈവ വൈവിധ്യ രജിസ്റ്റർ അപ്ഡേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ TSG നടത്തുമ്പോൾ TSG അംഗങ്ങൾ ഇനി പറയുന്ന നിരക്കിൽ ഓണറേറിയം/സിറ്റിംഗ് ഫീസ് നൽകണമെന്നതു സംബന്ധിച്ച്. TSG അംഗങ്ങളിൽ നിന്ന് സാങ്കേതിക സഹായം ലഭ്യമാകുന്ന സന്ദർഭങ്ങളിൽ ഓണറേറിയം/സിറ്റിംഗ് ഫീ ആയി 1000 രൂപ നൽകണം. ഫീൽഡ് സന്ദർശനമാണ് നടത്തുന്നതെങ്കിൽ 1000 രൂപ ഓണറേറിയമായി നൽകുന്നതിനു പുറമെ യഥാർത്ഥ യാത്രാ ചെലവ് നൽകുകയോ വാഹന സൗകര്യം നൽകുകയോ ചെയ്യണം.

തീരുമാനം :- പൊതു തീരുമാനം 3.3 ബാധകമാണ്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

യോഗം ഉച്ചകഴിഞ്ഞ് 1.30ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് വകുപ്പ്(പ്രതിനിധി)
6. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
16. ചീഫ് ടൗൺ പ്ലാനർ
17. ഡയറക്ടർ, MGNREGS (പ്രതിനിധി)
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
19. ഡയറക്ടർ, പട്ടികജാതി വകുപ്പ് (പ്രതിനിധി)
20. ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് ( പ്രതിനിധി)
21. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്( പ്രതിനിധി)
22. ഡയറക്ടർ, ക്ഷീര വികസന വകുപ്പ് (പ്രതിനിധി)